VOL NO: 03 | ISSUE 09

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 MARCH 02 | ₹12



## ഈ അരുംകൊലകൾക്ക് അറുതി വേണ്ടേ?

കേരളത്തിൽ രാഷ്ട്രീയത്തിന്റെ പേരിൽ വീണ്ടും അരുംകൊലകൾ നടന്നിരിക്കുന്നു. പതിവ് ഞെട്ടലുകളും അപലപന പ്രളയങ്ങളും കഴിഞ്ഞാൽ വീണ്ടും പുതിയൊരു ദാരുണ സംഭവത്തിലേക്ക് മിഴി തുറക്കാൻ നാം ബാധ്യസ്ഥരാവും. അന്നും സ്റ്റേജും പേജും കണ്ണീർ കൊണ്ട് കുതിർന്നു നനയും. എന്തുകൊണ്ടാണ് രാഷ്ട്രീയത്തിന്റെ പേരിൽ കൊലപാതകങ്ങൾ പതിവ് സംഭവങ്ങളാവുന്നത്? ആരാണ് ഈ അക്രമികളെ സംരക്ഷിക്കുന്നത്?

## കശ്മീർ: സ്ഫോടനത്തിൽ തകരുന്ന യാഥാർഥ്യങ്ങൾ

രാജ്യത്തെ ഏറ്റവും സുരക്ഷാ ഭീഷണിയുള്ള ദേശീയ പാതകളിലൊന്നായ ജമ്മു-കശ്മീർ പാതയിലെ പുൽവാമയിൽ ഇന്ത്യൻ സൈന്യത്തിന് നേരെ നടന്ന അത്യന്തം ഹീനമായ ചാവേറാക്രമണത്തിൽ നിരവധി സി.ആർ.പി.എഫ് ജവാൻമാർ കൊല്ലപ്പെട്ട സംഭവം ദേശസ്നേഹിയായ ഓരോ ഇന്ത്യൻ പൗരന്റെയും ചങ്കിൽ തീ കോരിയിടുന്നതാണ്. ഒരു കാർ നിറയെ സ്ഫോടക വസ്തുക്കളുമായി എരിഞ്ഞമരാൻ തദ്ദേശീയനായ ഭീകരവാദിയെ നിയോഗിച്ച തമസ്സിന്റെ ശക്തികളെ യാതൊരു കാരണവശാലും വെറുതെ വിട്ടുകൂടാ. അതേസമയം പ്രതി കശ്മീർ നിവാസി യായി എന്നതിന്റെ പേരിൽ ആ ദേശത്തെയൊന്നാകെ പ്രതിക്കൂട്ടിൽ നിർത്തിയുള്ള ചർച്ചകൾ ഗുണത്തെക്കാളേറെ ദോഷമേ വരുത്തൂ എന്ന വസ്തുതയും നാം വിസ്മരിക്കരുത്.

## ചാവേറാക്രമണം: ഇസ്‌ലാമിന് പറയാനുള്ളത്

|| ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും

|| പ്രാർഥനയിൽ ശ്രദ്ധിക്കേണ്ടത്

# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME




# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0111 / 2019 മാർച്ച് 02 / 1440 ജുമാദൽ ആഖിർ 25 / പുസ്തകം 03 / ലക്കം 09



# കശ്മീർ: സ്ഫോടനത്തിൽ തകരുന്ന യാഥാർഥ്യങ്ങൾ

പി.വി.എ പ്രിംറോസ് / 10

**ലേഖനം**

പീഡനപർവം / 06
ഫദ്‌ലുൽ ഹഖ് ഉമരി

പ്രാർഥനയിൽ ശ്രദ്ധിക്കേണ്ടത് / 16
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും / 18
ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്

ക്വുർആനിക നവോത്ഥാനം സാധ്യമാക്കാൻ ഹമദാനി തങ്ങളുടെ സർവകലാശാലകളും സംഘടനകളും / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

ചാവേറാക്രമണം: ഇസ്‌ലാമിന് പറയാനുള്ളത് / 26
അബ്ദുൽ മാലിക് സലഫി

**മുഖമൊഴി**

ഈ അരുംകൊലകൾക്ക് അറുതി വേണ്ടേ? / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

അധ്യായം: 78, ഭാഗം: 4, നബഅ് / 9
വിവ: ഹാരിസ് ബിൻ സലീം

**ചരിത്രപഥം**

ഇൽയാസ് നബി ﵇ / 30
ഹുസൈൻ സലഫി, ഷാർജ

**കവിത**

ഒഴുക്കിനെതിരെ... / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു




### മാനിഷാദ...!

ഏറെ ഞെട്ടലോടെയാണ് രണ്ട് യുവാക്കളുടെ ക്രൂരമായ കൊലപാതക വാർത്ത കേട്ടത്. മനസ്സ് ഇനിയും അത് വിശ്വസിക്കാൻ പാകപ്പെട്ടിട്ടില്ല.

രാജ്യത്തെ നടുക്കിയ ഭീകരാക്രമണത്തിന്റെ ഭീതി വിട്ടുമാറും മുമ്പ് നമ്മുടെ സാക്ഷരകേരളത്തിൽ നടന്ന മറ്റൊരു ഭീകര താണ്ഡവം! വിവരവും വിദ്യാഭ്യാസവും ഉണ്ടെന്ന് ലോകർക്ക് മുമ്പിൽ അഭിമാനത്തോടെ തലയുയർത്തി പറയുന്ന മലയാളികൾക്ക് എന്നും കളങ്കമുണ്ടാക്കുന്നതാണ് ഇത്തരം ക്രൂരതകൾ.

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന കൊല്ലും കൊലയ്ക്കും എതിരെ ഗീർവാണം മുഴക്കുന്ന, സാംസ്കാരിക സമ്പന്നതയുടെയും പുരോഗമന ചിന്തകളുടെയും അപ്പോസ്തലന്മാരായി ചമയുന്നവരാണ് നമ്മുടെ നാട്ടിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ എന്നും ഒരുഭാഗത്ത്.

കേവല വിദ്യാഭ്യാസം മനുഷ്യനെ സംസ്കാര സമ്പന്നനാക്കുമെന്നത് മിഥ്യാധാരണയാണെന്ന് ഇനിയും നാം തിരിച്ചറിയാതെ പോവരുത്.

ഒരു മനുഷ്യനെ സംസ്കാര സമ്പന്നൻ ആക്കുന്നത് അവൻ കൊണ്ടുനടക്കുന്ന വിശ്വാസ സംഹിതകളാണ്, പ്രത്യയശാസ്ത്രങ്ങളാണ്.

ലോകത്തെ കിട്ടുകിടാ വിറപ്പിച്ച ഹിറ്റ്ലറും മുസ്സോളിനിയും മുതൽ കിങ് ജോൺ ഉൻ വരെയുള്ള ഏകാധിപതികൾ ചുമന്ന മാലിന്യമാണ് പ്രത്യയ ശാസ്ത്രം എന്ന പേരിൽ ചിലർ പേറിക്കൊണ്ടിരിക്കുന്നത്.

ആശയ ശത്രുവിനെ ആശയത്തിന്റെ കുന്തമുനകളാൽ തകർത്തെറിയുന്ന, വിവേകത്താൽ നയിക്കപ്പെടുന്ന സമൂഹത്തിന് വിപരീതമായി ആയുധ ബലത്തിൽ വിജയം കൊയ്യാമെന്നുള്ള അപരിഷ്കൃത സമൂഹത്തിന്റെ മാനസികാവസ്ഥ പേറുന്ന സംസ്കാര ശൂന്യരാണ് ഇത്തരം പ്രത്യയ ശാസ്ത്രത്തിന്റെ വക്താക്കൾ.

കമ്യൂണിസ്റ്റുകാർ കൊലപാതകം നടത്തിയാൽ അതിനെ വിപ്ലവത്തിന്റെ വീരഗാഥയായി നമ്മുടെ ചില സാംസ്കാരിക നായകർ വാഴ്ത്തിപ്പാടും.

തീവ്ര ദേശീയവാദികൾ കൊലനടത്തിയാൽ അതിനെ ദേശസ്നേഹത്തിന്റെ അടയാളമായി വ്യാഖ്യാനിക്കുവാൻ അവർക്ക് ഒട്ടും മടിയില്ല. മനുഷ്യ ജീവനുകൾക്ക് വിലകൽപിക്കാത്ത, ജീവിക്കുവാനുള്ള അവകാശം വകവെച്ച് നൽകാത്ത ഇത്തരം തീവ്രവാദികളെ എങ്ങനെ ജനാധിപത്യത്തിന്റെ വക്താക്കളായി നാം അംഗീകരിക്കും?

അങ്ങകലെ സിറിയയിൽ മരണം തേടിപ്പോയ തീവ്രവാദികളെ കുറിച്ച് ചർവിത ചർവണം ചെയ്യുന്ന നാം നമുക്ക് ചുറ്റുമുള്ള തീവ്രവാദികളെ മനഃപൂർവം മറക്കുന്നു.

അരുത്, നമ്മുടെ മണ്ണിൽ ഇനിയും മനുഷ്യരുടെ ചുടുചോര വീഴരുത്.

'രക്തസാക്ഷി'കളെയും 'ബലിദാനി'കളെയും തങ്ങളുടെ അധികാര കേന്ദ്രത്തിലേക്കുള്ള ചവിട്ടുപടികളായി കാണുന്ന മൃഗീയതയുടെ വക്താക്കളെ തിരിച്ചറിയാൻ ഇനിയും വൈകിക്കൂടാ.

രാഷ്ട്രീയ ഭീകരവാദത്തിനെതിരെ ജനാധിപത്യ മാർഗത്തിലുള്ള പോരാട്ടം അനിവാര്യമായിരിക്കുന്നു.

**-നബീൽ പയ്യോളി, റിയാദ്**

### 'ഇസ്‌ലാം വിമർശകരുടെ ഇസ്‌ലാം ആശ്ലേഷണം'

'ഇസ്‌ലാം വിമർശകരുടെ ഇസ്‌ലാം ആശ്ലേഷണം' എന്ന സുഫ്‌യാൻ അബ്ദുസ്സലാമിന്റെ ലേഖനം (ലക്കം 3/8) കാലികവും പഠനാർഹവുമായിരുന്നു. ഇസ്‌ലാമിനെ വിമർശകരുടെ ഗ്രന്ഥങ്ങളിൽനിന്നല്ലാതെ പഠിക്കാൻ ശ്രമിച്ചാൽ ആരും ഇസ്‌ലാമിനെ ഇഷ്ടപ്പെട്ടു പോകും. മനസ്സിൽ ഇസ്‌ലാമിനോട് കടുത്ത ശത്രുത വെച്ചുപുലർത്തുന്ന വിമർശകരുടെ ഗ്രന്ഥങ്ങളെ മാത്രം അവലംബിച്ച് ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് പലർക്കും പറ്റുന്ന അബദ്ധം. ലേഖകനും നേർപഥത്തിനും അഭിനന്ദനങ്ങൾ.

**-അഹ്മദ് ശമീം, നാദാപുരം**

മുഖമൊഴി

# ഈ അരുംകൊലകൾക്ക് അറുതി വേണ്ടേ?

**മതത്തിന്റെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും എന്നല്ല ഒന്നിന്റെ പേരിലും മനുഷ്യർ തമ്മിൽ പോരടിക്കരുത്. മനുഷ്യൻ മനുഷ്യനെ വെട്ടിനുറുക്കരുത്. ഇത് അവസാനിപ്പിച്ചേ മതിയാകൂ. സാക്ഷര കേരളത്തിന് അപമാനമുണ്ടാക്കുന്നതാണ് ഈ മാനവികവിരുദ്ധ പ്രവർത്തനങ്ങൾ.**

**അ**ങ്ങനെ കേരളത്തിൽ രണ്ടു യുവാക്കൾകൂടി അരിഞ്ഞു വീഴ്ത്തപ്പെട്ടിരിക്കുന്നു! 1948 സെപ്റ്റംബർ 12ന് സി.പി.ഐ പ്രവർത്തകനായ മൊയാരത്ത് ശങ്കരന്റെ കൊലയിൽ തുടങ്ങിയ രാഷ്ട്രീയ പകപോക്കൽ കൊലപാതകം കൃപേഷ്, ശരത്‌ലാൽ എന്നീ യുവാക്കളായ കോൺഗ്രസ് പ്രവർത്തകരുടെ കൊലപാതത്തിൽ എത്തിനിൽക്കുന്നു. ഈ അരുംകൊലകൾ നമ്മുടെ നാട്ടിൽ അറുതിയില്ലാതെ തുടരുക തന്നെ ചെയ്യും. 'ഇങ്ങോട്ടു കിട്ടിയാൽ അങ്ങോട്ടും കൊടുക്കും,' 'വരമ്പത്തുവച്ചുതന്നെ കൂലികൊടുക്കും' എന്നൊക്കെ പരസ്യമായി പ്രഖ്യാപിച്ച് അണികളെ അക്രമത്തിനും കൊലപാതകത്തിനും പ്രേരിപ്പിക്കുന്ന നേതാക്കളുള്ള കാലത്തോളം മറിച്ചാകാൻ തരമില്ല.

ഒരു കൊലപാതകം കഴിഞ്ഞാലുടൻ കൊല്ലപ്പെട്ട വ്യക്തിയുടെ പാർട്ടിക്കാർ കേരളത്തിലുടനീളം കൊല്ലപ്പെട്ടയാളുടെ വർണ ചിത്രം പ്രിന്റ് ചെയ്ത ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കും. ചിലപ്പോൾ ആ പാർട്ടിയുടെ എത്ര പ്രവർത്തകർകൊല്ലപ്പെട്ടിട്ടുണ്ടോ അവരുടെയൊക്കെ ഫോട്ടോയും കണ്ടേക്കാം. അതിന്റെ തലക്കെട്ടും അടിക്കുറിപ്പുമൊക്കെ വായിച്ചാൽ ചിലപ്പോൾ കണ്ണുനിറയും. പാർട്ടിക്കാരനെങ്കിൽ പ്രതികാര ചിന്ത പതഞ്ഞുപൊങ്ങിയെന്നും വരും.

ഏതു പാർട്ടിയുടെയും രക്തസാക്ഷി പട്ടികയിലൂടെ ഒന്ന് കണ്ണോടിക്കുക. അതിൽ ഒരൊറ്റ ഉന്നത നേതാവിനെയോ നേതാവിന്റെ മക്കളെയോ കണ്ടെത്താൻ കഴിയില്ല. കാരണം അവരൊക്കെ ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങളിൽ പോയിരിക്കുകയാവും. അല്ലെങ്കിൽ വമ്പൻ കമ്പനികളിലോ സർക്കാർ തലത്തിലോ ഉന്നതമായ ജോലികൾ ചെയ്യുന്നവരായിരിക്കും. തല്ലാനും കൊല്ലാനും ചാവാനുമൊന്നും അവരെ കിട്ടില്ല. അല്ലെങ്കിലും പാർട്ടിയെ വിയർപ്പും ചോരയും കൊടുത്ത് വളർത്തേണ്ട ചുമതല സാധാരണക്കാർക്കാണല്ലോ. സ്ഥാനമാനങ്ങളുടെയും അധികാരത്തിന്റെയും സുഖശീതളിമ ആസ്വദിക്കുക എന്ന ഭാരിച്ച പണി സാധാരണക്കാർക്ക് താങ്ങാനാവില്ലല്ലോ; അതിന് ഉന്നത നേതാക്കൾ തന്നെ വേണം.

രാഷ്ട്രീയത്തിന്റെ ബാനറിൽ എന്ത് അക്രമവും കാണിക്കാം, സംഘർഷവും കലാപവുമുണ്ടാക്കാം, കൊലപാതകം നടത്താം; അതിൽ പങ്കൊള്ളുന്നവർ ഒന്നും ഭയപ്പെടേണ്ടതില്ല, പിടിയിലായാലും പാർട്ടി രക്ഷപ്പെടുത്തും എന്ന ഒരു അലിഖിത നിയമം നാട്ടിലുള്ളതുപോലെ ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റംപറയാൻ പറ്റില്ല. കാരണം അത് അനുഭവപാഠമാണ്. എന്നാൽ ചെറിയൊരു കശപിശ മതത്തിന്റെ പേരിൽ നടന്നാൽ വിശിഷ്യാ അതിൽ മുസ്‌ലിം നാമധാരികളുണ്ടെങ്കിൽ അതിൽ ഭീകരതയും തീവ്രവാദവും ഐ.എസ് ബന്ധവും മറ്റും ഇഴകീറി പരിശോധിച്ച് കണ്ടെത്തുവാൻ ശ്രമിക്കുന്നതിൽ വല്ലാത്തൊരു ആവേശം ചില സംഘടനകളും മാധ്യമങ്ങളും കാണിക്കുന്നത് നാം കാണുന്നു.

ഒരുകാര്യമേ പറയാനുള്ളൂ; മതത്തിന്റെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും എന്നല്ല ഒന്നിന്റെ പേരിലും മനുഷ്യർ തമ്മിൽ പോരടിക്കരുത്. സംഘർഷങ്ങൾ സൃഷ്ടിക്കരുത്. മനുഷ്യൻ മനുഷ്യനെ വെട്ടിനുറുക്കരുത്. വിധവകളുടെയും അനാഥബാല്യങ്ങളുടെയും നിരാലംബ കുടുംബങ്ങളുടെയും എണ്ണം കൂട്ടരുത്. ഇത് അവസാനിപ്പിച്ചേ മതിയാകൂ. സാക്ഷര കേരളത്തിന് അപമാനമുണ്ടാക്കുന്നതാണ് ഈ മാനവികവിരുദ്ധ പ്രവർത്തനങ്ങൾ. ●

**ഫദ്‌ലുൽ ഹഖ് ഉമരി**
kmfumari@gmail.com



**മുഹമ്മദ് നബി ﷺ: 12**

# പീഡനപർവം

**ന**ബിമാരുടെ ശത്രുക്കൾ സത്യത്തിന്റെ ശബ്ദം കേൾക്കുമ്പോൾ ഒന്നുകിൽ അതിനെ അംഗീകരിക്കും, അതല്ലെങ്കിൽ ശക്തികൊണ്ട് അതിനെ നേരിടാൻ സാധ്യമാണെങ്കിൽ അങ്ങനെയും ചെയ്യും. ശക്തികൊണ്ട് നേരിടാൻ കഴിയാതെ വരുമ്പോഴാണ് പരിഹാസത്തിന്റെയും ആക്ഷേപത്തിന്റെയും മാർഗങ്ങൾ പലരും സ്വീകരിക്കുന്നത്. മക്കയിലെ മുശ്‌രിക്കുകളാകട്ടെ ചില സന്ദർഭങ്ങളിൽ നബി ﷺ യെ പരിഹസിക്കുകയും മറ്റുചില സന്ദർഭങ്ങളിൽ ശാരീരികമായി വേദനിപ്പിക്കുകയും ചെയ്തു:

“അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്” (ക്വുർആൻ 33:57).

പ്രബോധനത്തിന്റെ പ്രചാരണത്തെ തടയുവാനും മുഹമ്മദ് നബി ﷺ യുടെ പ്രബോധനത്തിൽ പ്രവേശിച്ച ആളുകളെ നാശത്തിന്റെ വഴിയിലേക്ക് കൊണ്ടുവരാനും വേണ്ടി മുശ്‌രിക്കുകൾ പലവിധത്തിലുള്ളശാരീരിക മർദനങ്ങൾ പ്രവാചകനെയും അനുചരന്മാരെയും ഏൽപിക്കുകയുണ്ടായി. അബൂലഹബ്, ഉക്ബതുബ്

നു അബീമുഈത്വ്, ഹകമുബ്നു അബിൽആസ് തുടങ്ങിയവർ പ്രവാചകനെ വീട്ടിൽവെച്ചു തന്നെ പീഡിപ്പിച്ചവരായിരുന്നു. ഇവരെല്ലാം നബിﷺയുടെ അയൽവാസികളായിരുന്നു! നബിﷺ നമസ്കരിക്കുമ്പോൾ പോലും അവർ പ്രയാസപ്പെടുത്തിയിട്ടുണ്ട്.

ഇബ്നുമസ്ഊദ്ؓ പറയുന്നു: "നബിﷺ കഅ്ബയുടെ അടുക്കൽ നമസ്കരിക്കുകയായിരുന്നു. അബൂജഹലും അനുയായികളും സമീപത്തുതന്നെ ഇരിക്കുന്നുണ്ട്. അപ്പോൾ ചിലർ ചിലരോട് പറഞ്ഞു: 'നിങ്ങളിൽ ആരാണ് ഇന്ന ഗോത്രത്തിൽ പോയി പഴകിയ കുടൽമാല കൊണ്ടുവരിക? എന്നിട്ട് മുഹമ്മദ് സുജൂദ് ചെയ്യുമ്പോൾ അവന്റെ മുതുകത്ത് ഇടുക?' ഇത് കേട്ടയുടനെ അവരിലെ വൃത്തികെട്ട ഒരാൾ പോയി അത് കൊണ്ടുവന്നു. നബിﷺ സുജൂദ് ചെയ്യാൻ അയാൾ കാത്തുനിന്നു. നബിﷺ സുജൂദ് ചെയ്തപ്പോൾ നബിﷺയുടെ ചുമലിലൂടെ ആ കുടൽമാലയിട്ടു. ഞാനത് നോക്കി നിൽക്കുകയായിരുന്നു. അത് തടയാനുള്ള കരുത്ത് എനിക്കുണ്ടായിരുന്നില്ല. അങ്ങനെ അവർ പരസ്പരം ചിരിക്കുവാനും ആഹ്ലാദിക്കുവാനും തുടങ്ങി. നബിയാകട്ടെ സുജൂദിൽ നിന്ന് ഉയരാൻ പോലും കഴിയാതെ അതേ അവസ്ഥയിൽ തുടർന്നു. അങ്ങനെയിരിക്കെ മകൾ ഫാത്വിമ കടന്നുവരികയും നബിﷺയുടെ മുതുകത്തുനിന്നും അത് എടുത്ത് വലിച്ചെറിയുകയും ചെയ്തു. നബിﷺ തന്റെ തല ഉയർത്തി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവേ, ക്വുറൈശികളുടെ കാര്യത്തിൽ നീ മതിയായവനാണ്.' മൂന്ന് തവണ ഇത് ആവർത്തിച്ചു. അവർക്കെതിരെയുള്ള നബിയുടെ പ്രാർഥന അവർക്ക് വലിയ പ്രയാസമായി തോന്നി. കാരണം മക്കയിൽ വെച്ചുകൊണ്ടുള്ള പ്രാർഥന ഉത്തരം ലഭിക്കപ്പെടുന്ന ഒന്നാണ് എന്ന് അവർ മനസ്സിലാക്കിയിരുന്നു. ശേഷം ഓരോരുത്തരുടെയും പേര് എടുത്തുപറഞ്ഞുകൊണ്ട് നബിﷺ പ്രാർഥിച്ചു: 'അല്ലാഹുവേ, അബൂജഹലിന്റെ കാര്യം ഞാൻ നിന്നെ ഏൽപിക്കുകയാണ്. ഉത്ബയുടെയും ശൈബയുടെയും ഈ വലീദിന്റെയും ഉമയ്യത്തുബ്നു ഖലഫിന്റെയും ഉക്വ്ബതുബ്നു അബീമുഈത്വിന്റെയും കാര്യം ഞാൻ നിന്നെ ഏൽപിക്കുകയാണ്.' ഇബ്നുമസ്ഊദ്ؓ പറയുന്നു: 'നബിﷺ എണ്ണിപ്പറഞ്ഞ ആളുകളെല്ലാം ബദ്ർ യുദ്ധ ദിവസത്തിൽ ഖലീബിൽ വീണ് കിടക്കുന്നത് ഞാൻ കണ്ടു" (ബുഖാരി: 240, മുസ്‌ലിം: 1794).

അബൂഹുറയ്റؓയിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: "ഒരിക്കൽ അബൂജഹൽ പറഞ്ഞു: 'നിങ്ങളുടെ മുമ്പിൽ വെച്ചുകൊണ്ട് മുഹമ്മദ് തന്റെ മുഖം നിലത്തു വെക്കാറുണ്ടോ?' (സുജൂദ് ചെയ്യാറുണ്ടോ എന്നാണ് ഈ ചോദ്യത്തിന്റെ അർഥം). ഈ സന്ദർഭത്തിൽ അവിടെയുള്ള ആളുകൾ പറഞ്ഞു: 'അതെ, അങ്ങനെ ചെയ്യാറുണ്ട്.' അപ്പോൾ അബൂജഹൽ പറഞ്ഞു: 'ലാത്ത തന്നെയാണ് സത്യം, ഉസ്സ തന്നെയാണ് സത്യം, ഇനി മുഹമ്മദ് അങ്ങനെ ചെയ്യുന്നത് കണ്ടാൽ ഞാനവനെ പിരടിയിൽ ചവിട്ടുക തന്നെ ചെയ്യും. അല്ലെങ്കിൽ അവന്റെ മുഖം മണ്ണിൽ വച്ചുകൊണ്ട് ഉരസുക തന്നെ ചെയ്യും.' അങ്ങനെയിരിക്കെ നബിﷺ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അബൂജഹൽ കടന്നുവന്നു. നബിﷺയുടെ പിരടിയിൽ ചവിട്ടാൻ വേണ്ടി പോയ സന്ദർഭത്തിൽ പോയതുപോലെ തിരിച്ചുവരികയും തന്റെ കൈകൊണ്ട് എന്തോ തടയുകയും ചെയ്യുന്നതും ആളുകൾ കണ്ടു. അവർ ചോദിച്ചു: 'എന്തുപറ്റി താങ്കൾക്ക്?' അബൂജഹൽ പറഞ്ഞു: 'എനിക്കും മുഹമ്മദിനും ഇടയ്ക്ക് ഒരു കിടങ്ങ് പ്രത്യക്ഷപ്പെട്ടതായി ഞാൻ കണ്ടു. അതേപോലെ ചില ഭീകര കാഴ്ചകളും ചിറകുകളും ഞാൻ കണ്ടു.' നബിﷺ പറയുകയാണ്: 'അബൂജഹലെങ്ങാനും ആ സന്ദർഭത്തിൽ എന്നിലേക്ക് അടുത്തിരുന്നുവെങ്കിൽ മലക്കുകൾ കഷ്ണം കഷ്ണമായി അയാളെ പിച്ചിച്ചീന്തുമായിരുന്നു" (മുസ്‌ലിം: 2797).

ഉർവ്വത്ബ്നു സുബൈർؓ പറയുന്നു: "മുശ്രിക്കുകളുടെ ഭാഗത്തുനിന്നും നബിക്ക് ഉണ്ടായ ഏറ്റവും ശക്തമായ മർദനത്തെക്കുറിച്ച് അബ്ദുല്ലാഹിബിനു അംറിനോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'നബിﷺ നമസ്കരിച്ചുകൊണ്ടിരിക്കെ ഉക്വ്ബത്ബ്നു അബീമുഈത്വ് അങ്ങോട്ടു വന്നു. അയാൾ തന്റെ മുണ്ട് ഊരിയെടുത്ത് നബിﷺയുടെ കഴുത്തിൽ ശക്തമായി വലിച്ചുമുറുക്കി. അപ്പോൾ അബൂബക്ർؓ വരികയും ഉക്വ്ബതിനെ തള്ളിമാറ്റുകയും ചെയ്തു. എന്നിട്ട് ചോദിച്ചു: 'എന്റെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുകയും നിങ്ങളുടെ റബ്ബിന്റെ ഭാഗത്തുനിന്നും വ്യക്തമായ തെളിവുകളുമായി വരുകയും ചെയ്ത ഒരു വ്യക്തിയെ നിങ്ങൾ കൊല ചെയ്യുകയാണോ?" (ബുഖാരി: 3678).

മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ മാർഗത്തിൽ പീഡിപ്പിക്കപ്പെടുകയും അതിൽ ക്ഷമിക്കുകയും ചെയ്തതുപോലെ അവിടുത്തെ അനുചരന്മാരും പീഡിപ്പിക്കപ്പെടുകയും അല്ലാഹുവിന്റെ മാർഗത്തിൽ ക്ഷമിക്കുകയും ചെയ്തിട്ടുണ്ട്. അബൂബക്ർؓ ഒരുദിവസം മസ്ജിദുൽ ഹറാമിൽ പ്രസംഗിക്കാൻ വേണ്ടി എഴുന്നേറ്റു നിന്നു. മുശ്രിക്കുകൾ അദ്ദേഹത്തെ അടിച്ചു. ഉത്ബത്ബ്നു റബീഅഃ ആയിരുന്നു അദ്ദേഹത്തെ അടിച്ച ഒരു വ്യക്തി. തന്റെ രണ്ടു ചെരിപ്പുകൾ ഊരിക്കൊണ്ടായിരുന്നു അബൂബക്റിؓന്റെ മുഖത്ത് അയാൾ അടിച്ചത്. മൂക്കും മുഖവും വേർതിരിച്ച് അറിയാതെയായി എന്ന് ചരിത്രം പറയുന്നു.

മിസ്അബ് ഇബ്നു ഉമൈർؓ മുസ്‌ലിമായ വിവരം അദ്ദേഹത്തിന്റെ മാതാവ് അറിഞ്ഞപ്പോൾ വീട്ടിൽ നിന്നും പുറത്താക്കി. സുഖലോലുപതയിൽ കഴിഞ്ഞിരുന്ന ഒരു യുവാവായിരുന്നു അദ്ദേഹം. പക്ഷേ, വിശപ്പടക്കാൻ പോലും ഒന്നുമില്ലാത്ത ഒ

രു അവസ്ഥയിലേക്ക് അദ്ദേഹം എത്തിച്ചേർന്നു.

അബ്ദുല്ലാഹിബിന് മസ്ഊദ്ﷺ മസ്ജിദുൽ ഹറാമിൽ വെച്ച് വിശുദ്ധ ക്വുർആൻ ഉറക്കെ പാരായണം ചെയ്തു. മുശ്‌രിക്കുകൾ അദ്ദേഹത്തെ ശക്തമായി അടിക്കുകയും അദ്ദേഹത്തിന്റെ മുഖത്ത് അടിയുടെ പാടുകൾ വീഴുകയും ചെയ്തു. മറ്റൊരാളും അനുഭവിച്ചിട്ടില്ലാത്ത പീഡനങ്ങളും പ്രയാസങ്ങളുമാണ് ബിലാലുബ്നു റബാഹ്ﷺ എന്ന സ്വഹാബി അനുഭവിച്ചത്. കാരണം അദ്ദേഹം ഒരു അടിമയായിരുന്നു. ഉമയ്യത്തുബ്നു ഖലഫ് അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ട് കെട്ടി. എന്നിട്ട് മക്കയിലെ കുട്ടികൾക്ക് അവിടത്തെ മലനിരകളിലൂടെ വലിക്കാൻ വേണ്ടി കൊടുത്തു. മക്കയിലെ മണൽ ചൂടുപിടിക്കുമ്പോൾ ബിലാലിനെ മരുഭൂമിയിലേക്ക് കൊണ്ടുവരികയും അവിടെ കിടത്തി വലിയ പാറക്കല്ലുകൾ അദ്ദേഹത്തിന്റെ നെഞ്ചത്ത് കയറ്റിവെക്കുകയും ചെയ്യുമായിരുന്നു. 'ഈ അവസ്ഥയിൽ നീ മരണപ്പെടും, അതല്ലെങ്കിൽ മുഹമ്മദിന്റെ മതത്തെ നീ നിഷേധിക്കണം' എന്നായിരുന്നു അവർ ബിലാലിനോട് പറഞ്ഞിരുന്നത്. എന്നാൽ പാറയെക്കാൾ വലിയ ഈമാനിനെ നെഞ്ചിലേറ്റിയ ബിലാലിന്റെ മറുപടി 'അഹദ്... അഹദ്...' (അല്ലാഹു ഏകൻ) എന്നായിരുന്നു. അബൂബക്ർﷺ ഇത് കാണുകയും ബിലാൽﷺവിനെ വിലകൊടുത്തുവാങ്ങി അല്ലാഹുവിന്റെ മാർഗത്തിൽ മോചിപ്പിക്കുകയും ചെയ്തു.

ഖബ്ബാബ് ബിൻ അറതിﷺനെ മുശ്‌രിക്കുകൾ വ്യത്യസ്തങ്ങളായ പീഡനങ്ങൾക്ക് വിധേയമാക്കി. അദ്ദേഹത്തിന്റെ നെഞ്ചത്ത് വലിയ കല്ലുകൾ കയറ്റിവെച്ചു. അദ്ദേഹത്തെ തീക്കനലിൽ കയറ്റിവെച്ചു. അദ്ദേഹത്തിന്റെ ശരീര ഭാഗങ്ങൾ കരിച്ചുകളഞ്ഞുകൊണ്ടല്ലാതെ തീക്കനലുകൾ അണഞ്ഞിരുന്നില്ല!

ബനൂമഖ്സൂം ഗോത്രത്തിലെ അടിമയായിരുന്നു അമ്മാറുബ്നു യാസിർﷺ. അമ്മാറും അദ്ദേഹത്തിന്റെ മാതാപിതാക്കളും ഇസ്‌ലാം സ്വീകരിച്ചു. മക്കയിലെ മണലാരണ്യം ചൂടുപിടിച്ചാൽ അവർ അദ്ദേഹത്തെ അങ്ങോട്ട് കൊണ്ടുപോകുകയും ചുട്ടുപഴുത്ത മണലിൽ കിടത്തി വ്യത്യസ്തങ്ങളായ ശിക്ഷകൾക്ക് വിധേയമാക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ യാസിർ കുടുംബം പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കെ അവർക്ക് അരികിലൂടെ നബിﷺ കടന്നുപോയി. അപ്പോൾ ഇപ്രകാരം പറഞ്ഞു: "യാസിർ കുടുംബമേ, ക്ഷമിച്ചുകൊള്ളുക. നിങ്ങളുടെ വാഗ്ദത്ത സ്ഥലം സ്വർഗമാണ്." ശിക്ഷയുടെ കാഠിന്യത്താൽ യാസിർﷺ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയുടെ ഗുഹ്യസ്ഥാനത്തിലൂടെ അബൂജഹൽ കുന്തംകുത്തിക്കയറ്റി. അല്ലാഹുവിന്റെ മാർഗത്തിലുള്ള ഒന്നാമത്തെ രക്തസാക്ഷിയായിരുന്നു അവർ. ആമിറുബ്നു ഫുഹൈറﷺ, ഹമാമ ഉമ്മു ബിലാൽﷺ, അബു ഫകീഹﷺ, സൻബുറﷺ, നെഹ്ദിയ്യﷺ, സുഹൈബുർറൂമിﷺ തുടങ്ങിയവരായിരുന്നു പീഡിപ്പിക്കപ്പെട്ട മറ്റുചില ദുർബലർ.

ഇവർക്കു പുറമെ മക്കയിൽ വെച്ചുകൊണ്ട് മറ്റു പലരും പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. ഉസ്മാനുബ്നു അഫ്ഫാൻﷺ, സുബൈറുബ്നുൽ അവ്വാംﷺ, സൈദ്ബ്നു സൈദ്ﷺ, ഖാലിദ്ബ്നു സഈദ് ബ്നുൽ ആസ്ﷺ തുടങ്ങിയവർ അവരിൽ ചിലർ മാത്രം. ഇസ്‌ലാമിക പ്രബോധനം നിർത്തൽ ചെയ്യാൻ ക്വുറൈശികൾക്ക് കഴിയാതെവരികയും മുഹമ്മദ് നബിﷺ അത് അംഗീകരിക്കാതിരിക്കുകയും ചെയ്തപ്പോൾ ക്വുറൈശികളിലെ നേതാക്കന്മാർ ഒരുമിച്ചുകൂടുകയും ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള യുദ്ധം ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. മുഹമ്മദിനെ പിൻപറ്റുന്ന ആളുകൾക്കെല്ലാം ശക്തമായ പീഡനങ്ങൾ ഉണ്ടാകുമെന്നുള്ള മുന്നറിയിപ്പുകൾ എല്ലാ ഗോത്രക്കാർക്കും അവർ നൽകി. മുസ്‌ലിംകളുള്ള ഗോത്രക്കാർക്കെതിരെ അവർ രംഗത്തിറങ്ങുകയും പലരെയും തടഞ്ഞുവെക്കുകയും ചെയതു. പലരെയും മർദിച്ചു. ഭക്ഷണം കൊടുക്കാതെയും വെള്ളം കൊടുക്കാതെയും പ്രയാസപ്പെടുത്തുകയും ചെയ്തു.

"പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നു എന്നത് മാത്രമായിരുന്നു അവരുടെ (സത്യവിശ്വാസികളുടെ) മേൽ അവർ (മർദകർ) ചുമത്തിയ കുറ്റം. ആകാശങ്ങളുടെയും ഭൂമിയുടെയും മേൽ ആധിപത്യം ഉള്ളവനുമായ (അല്ലാഹുവിൽ). അല്ലാഹു എല്ലാകാര്യത്തിനും സാക്ഷിയാകുന്നു" (ക്വുർആൻ 85:8,9).

വിശ്വസിച്ച ആളുകൾക്കായിരുന്നു വലിയ പരീക്ഷണങ്ങൾ നേരിടേണ്ടിവന്നത്. അല്ലാഹു സുരക്ഷിതരാക്കിയവർ രക്ഷപ്പെടുകയും ചെയ്തു. മുഹമ്മദ് നബിﷺയെ അല്ലാഹു അബൂത്വാലിബ് വഴി സഹായിച്ചു. കാരണം തന്റെ ജനതയിലെ കാര്യപ്പെട്ട വ്യക്തിയായിരുന്നു അബൂത്വാലിബ്.

"സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും മർദിക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവരാരോ അവർക്കു നരകശിക്ഷയുണ്ട്, തീർച്ച. അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുണ്ട്" (ക്വുർആൻ 85:10).

ക്വുറൈശികൾ തന്നെയായിരുന്നു നബിﷺയോടും നബിയോടൊപ്പം വിശ്വസിച്ച ആളുകളോടും ഏറ്റവും പ്രകടമായ നിലയ്ക്കുള്ള പീഡനമുറകൾ സ്വീകരിച്ചത്. അബൂലഹബ്, അബൂജഹൽ, അബൂസുഫ്‌യാൻ, ഹകം ഇബ്നു അബിൽ ആസ്, ഉക്ബതുബ്നു അബീ മുഈത്, വലീദുബ്നു മുഗീറ, ആസ്ബ്നുവാഇൽ, ഉമയ്യത്തുബ്നു ഖലഫ്, ഉബയ്യുബ്നു ഖലഫ്, അസദ്ബ്നുൽ മുത്ത്വലിബ്, അസദ് ഇബ്നു അബ്ദുയഗൂസ് തുടങ്ങിയവരായിരുന്നു അവരെ മർദിച്ചവരിൽ പ്രധാനികൾ. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 78, ഭാഗം: 4

# നബഅ് (വൃത്താന്തം)

മക്കയിൽ അവതരിച്ചത്

يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾ ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾ إِنَّآ أَنذَرْنَٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ ٱلْكَافِرُ يَٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

38. റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ദിവസം. പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല.

39. അതത്രെ യഥാർഥമായ ദിവസം. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം തന്റെ രക്ഷിതാവിങ്കലേക്കുള്ള മടക്കത്തിന്റെ മാർഗം അവൻ സ്വീകരിക്കട്ടെ.

40. ആസന്നമായ ഒരു ശിക്ഷയെ പറ്റി തീർച്ചയായും നിങ്ങൾക്കു നാം മുന്നറിയിപ്പ് നൽകിയിരിക്കുന്നു. മനുഷ്യൻ തന്റെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചത് നോക്കിക്കാണുകയും, അയ്യോ ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് സത്യനിഷേധി പറയുകയും ചെയ്യുന്ന ദിവസം.

38) അത് (റൂഹ് നിൽക്കുന്ന ദിവസം) മലക്കുകളിൽ ശ്രേഷ്ഠനായ ജിബ്രീൽ ആണത്. (മലക്കുകൾ) അതായത് മുഴുവൻ മലക്കുകളും. (അണിയായി) അല്ലാഹുവിന് കീഴ്പ്പെട്ടവരായി. (പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല). ആഗ്രഹമുണ്ടാക്കിയും ഭയപ്പെടുത്തിയും സന്തോഷിപ്പിച്ചും താക്കീത് ചെയ്തും അല്ലാഹു പറയുന്നു.

39) (അതത്രെ യഥാർഥ ജീവിതം. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ രക്ഷിതാവിങ്കലേക്കുള്ള മടക്കത്തിന്റെ മാർഗം അവൻ സ്വീകരിക്കട്ടെ). നന്മയാലും സത്യത്തിന്റെ പദവിയാലും അവൻ അന്ത്യനാളിൽ അവങ്കലേക്ക് മടങ്ങും.

40) (ആസന്നമായ ഒരു ശിക്ഷയെപ്പറ്റി തീർച്ചയായും നിങ്ങൾക്ക് നാം മുന്നറിയിപ്പ് നൽകിയിരിക്കുന്നു). കാരണം അത് മുന്നോട്ടടുക്കുകയാണ്. വന്നുകൊണ്ടിരിക്കുന്നതെല്ലാം അടുത്തതാണല്ലോ. (മനുഷ്യൻ തന്റെ കൈകൾ മുൻകൂട്ടി ചെയ്തു വെച്ചത് നോക്കിക്കാണും). ഇതിന് പ്രാധാന്യം നൽകുകയും ഭയപ്പെടുകയും ചെയ്യുന്നവൻ ഈ ലോകത്തു വെച്ച് സ്ഥിരതാമസത്തിന്റെ ഭവനത്തിനു വേണ്ടി ചെയ്തു വെച്ചത് എന്താണെന്ന് നോക്കട്ടെ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَلْتَنظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു" (59:18).

നല്ലതു വന്നാൽ അല്ലാഹുവിനെ സ്തുതിക്കുക. മറിച്ചാണെങ്കിൽ തന്നെത്തന്നെ ആക്ഷേപിക്കുകയും ചെയ്യുക. അതുകൊണ്ട് കഠിനമായ ഖേദത്താലും നഷ്ടബോധത്താലും അവിശ്വാസികൾ മരണത്തെ ആഗ്രഹിക്കുന്നു. (ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് സത്യനിഷേധി പറയുകയും ചെയ്യുന്ന ദിവസം).

എല്ലാ ദോഷങ്ങളിൽ നിന്നും അവിശ്വാസത്തിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. അവൻ അങ്ങേയറ്റത്തെ ഔദാര്യവാനാണ്. ●

പി.വി.എ പ്രിംറോസ്
anilprimrose@gmail.com





# കശ്മീർ
## സ്ഫോടനത്തിൽ തകരുന്ന യാഥാർഥ്യങ്ങൾ

**രാജ്യത്തെ ഏറ്റവും സുരക്ഷാ ഭീഷണിയുള്ള ദേശീയ പാതകളിലൊന്നായ ജമ്മു-കശ്മീർ പാതയിലെ പുൽവാമയിൽ ഇന്ത്യൻ സൈന്യത്തിന് നേരെ നടന്ന അത്യന്തം ഹീനമായ ചാവേറാക്രമണത്തിൽ നിരവധി സി.ആർ.പി.എഫ് ജവാൻമാർ കൊല്ലപ്പെട്ട സംഭവം ദേശസ്നേഹിയായ ഓരോ ഇന്ത്യൻ പൗരന്റെയും ചങ്കിൽ തീ കോരിയിടുന്നതാണ്. ഒരു കാർ നിറയെ സ്ഫോടക വസ്തുക്കളുമായി എരിഞ്ഞമരാൻ തദ്ദേശീയനായ ഭീകരവാദിയെ നിയോഗിച്ച തമസ്സിന്റെ ശക്തികളെ യാതൊരു കാരണവശാലും വെറുതെ വിട്ടുകൂടാ. അതേസമയം പ്രതി കശ്മീർ നിവാസിയായി എന്നതിന്റെ പേരിൽ ആ ദേശത്തെയൊന്നാകെ പ്രതിക്കൂട്ടിൽ നിർത്തിയുള്ള ചർച്ചകൾ ഗുണത്തെക്കാളേറെ ദോഷമേ വരുത്തൂ എന്ന വസ്തുതയും നാം വിസ്മരിക്കരുത്.**

രാജ്യത്തെ ഏറ്റവും സുരക്ഷാ ഭീഷണിയുള്ള ദേശീയ പാതകളിലൊന്നായ ജമ്മു-കശ്മീർ പാതയിലെ പുൽവാമയിൽ ഇന്ത്യൻ സൈന്യത്തിന് നേരെ നടന്ന അത്യന്തം ഹീനമായ ചാവേറാക്രമണത്തിൽ 40 സി.ആർ.പി.എഫ് ജവാൻമാർ കൊല്ലപ്പെട്ട സംഭവം ദേശസ്നേഹിയായ ഓരോ ഇന്ത്യൻ പൗരന്റെയും ചങ്കിൽ തീ കോരിയിടുന്നതാണ്.

2547 CRPF ജവാൻമാരെ 78 വാഹനങ്ങളിലായി കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട മിനിമം സുരക്ഷാക്രമീകരണങ്ങൾ പോലും ഉത്തരവാദപ്പെട്ടവർ പാലിച്ചില്ലെന്നും ഇന്റലിജൻസ് വൃത്തങ്ങൾ നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ചെന്നുമെല്ലാമുള്ള വസ്തുതകൾ നിലനിൽക്കുമ്പോൾ തന്നെ ഒരു കാർ നിറയെ സ്ഫോടക വസ്തുക്കളുമായി കിലോമീറ്ററുകൾ സഞ്ചരിച്ച് തീഗോളമായി എരിഞ്ഞമരാൻ തദ്ദേശീയനായ ഭീകരവാദിയെ നിയോഗിച്ച തമസ്സിന്റെ ശക്തികളെ യാതൊരു കാരണവശാലും വെറുതെ വിട്ടുകൂടാ.

ജെയ്ശെ മുഹമ്മദ് ഭീകരൻ ആദിൽ അഹ്മദ് ധർ ആണ് ചാവേറായി പൊട്ടിത്തെറിച്ചതെന്നും അതിനായി അദ്ദേഹത്തെ നിയോഗിച്ചത് പാക്കിസ്ഥാൻ തീവ്രവാദി തലവൻ മസൂദ് അസ്ഹർ ആണെന്നും പാക്കിസ്ഥാനിലെ റാവൽപിണ്ടിയിലെ സൈനിക ആശുപത്രിയിൽ നിന്നാണ് അതിനുള്ള നിർദേശങ്ങൾ നൽകിയതെന്നും അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത് കഴിഞ്ഞ ഒക്ടോബറിൽ ത്രാലിൽ വെച്ച് സുരക്ഷാ സേന തന്റെ അനന്തരവൻ ഉസ്മാനെ വധിച്ചതാണെന്നെല്ലാമുള്ള റിപ്പോർട്ടുകൾ പുറത്ത് വന്ന് കഴിഞ്ഞു.

കാശ്മീർ പ്രവിശ്യയിൽ ഇത് ആദ്യത്തെ ആക്രമണമല്ല. ചെറുതും വലുതുമായ നിരവധി ആക്രമണങ്ങളും കൊലപാതകങ്ങളും ഇതിന് മുമ്പും കശ്മീർ താഴ്‌വരയെ രക്തപങ്കിലമാക്കിയിട്ടുണ്ട്. ഒട്ടേറെ തവണ ശാന്തി സംഭാഷണങ്ങളും അനുരഞ്ജന ചർച്ചകളും നടന്നിട്ടുണ്ടെങ്കിലും നിനച്ചിരിക്കാതെ പ്രക്ഷുബ്ധമാവുക എന്നത് കശ്മീരിന് ജന്മപൈതൃകമായി കിട്ടിയ രോഗമാണ്.

കശ്മീരിൽ പട്ടാളക്കാർ ജീവത്യാഗം ചെയ്താലും പൗരൻമാർ കൊല്ലപ്പെട്ടാലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്ന് അത്യന്തം പ്രകോപനപരമായ പ്രതികരണങ്ങൾ ഉയർന്നുവരിക എന്നത് സർവസാധാരണമാണ്. സൈബർ പോരാളികൾ മുതൽ നയതന്ത്ര വിദഗ്ധർ വരെ ഇത്തരം വിദ്വേഷ പരാമർശങ്ങളിൽ നിന്ന് മുക്തരല്ല എന്നതാണ് പലപ്പോഴും കശ്മീർ പ്രശ്നം ലൈവായി നിലനിൽക്കാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന്. പുതിയ സാഹചര്യത്തിലും സോഷ്യൽ മീഡിയയിലടക്കമുള്ള ആരോപണ പ്രത്യാരോപണങ്ങളുടെ തീക്ഷ്ണത നാം നേരിട്ടനുഭവിച്ചതാണ്. ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പിനെ മുൻനിർത്തിയുള്ള വിദ്വേഷ പ്രചരണങ്ങളിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്നത് കശ്മീർ വിഷയമാണെന്നതിനാൽ തന്നെ അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഊഹങ്ങൾക്കതീതമാണ്. കശ്മീർ പ്രശ്നത്തിന്റെ മൂലകാരണമറിയാതെ ഇടയ്ക്കിടയ്ക്കുണ്ടാവുന്ന പ്രശ്നങ്ങളിൽ വർഗീയതയ്ക്ക് വളം വെക്കുന്ന രൂപത്തിൽ, കശ്മീർ ഭരണാധികാരികളെ മുതൽ സ്വർഗത്തിലെ ഹൂർലീങ്ങളെ വരെ തെറിവിളിക്കുന്ന മനോരോഗികൾ വസ്തുനിഷ്ഠമായി കശ്മീരിന്റെ ചരിത്രം പഠിക്കേണ്ടതുണ്ട്.

### കശ്മീർ: അശാന്തിയുടെ അഗ്നിപർവം

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന 84471 സ്‌ക്വയർ മൈൽ അതിർത്തി പ്രദേശമാണ് കശ്മീർ. മെസപ്പോട്ടോമിയയിൽ നിന്ന് വന്ന കാഷ് വർഗത്തിൽ പെട്ട ആദിവാസികൾ നിവസിച്ചിരുന്ന സ്ഥലം കാഷിർ എന്നും കാലക്രമേണ കശ്മീർ എന്നും അറിയപ്പെടുകയാണുണ്ടായത് എന്നതാണ് ചരിത്രരേഖകൾ നൽകുന്ന സ്ഥലനാമത്തെ കുറിച്ചുള്ള സൂചനകൾ. ഭൂമിശാസ്ത്രപരമായി കശ്മീരിനെ മൂന്ന് മേഖലകളായി തിരിക്കാം. വടക്ക് ഭാഗത്ത് ലഡാക്ക്, ജിൽജിത് ജില്ലകൾ ഉൾപ്പെടുന്ന ടിബറ്റൻ മേഖല. പൂഞ്ച്, ദോഡാ, കിഷ്ത്‌വാർ ഉൾപ്പെടുന്ന വിശാലമായ ജമ്മു ഭൂപ്രദേശം. നടുക്ക് കശ്മീർ താഴ്‌വര എന്നിവയാണവ. ഹിമാലയ നിരകളുടെ മഞ്ഞുമലകളാൽ ഈ മൂന്ന് മേഖലകളും പരസ്പരം വേർതിരിക്കപ്പെട്ടിരിക്കുന്നു. വടക്ക്-കിഴക്ക് ഭാഗത്ത് ടിബറ്റും വടക്ക് ചൈനയിലെ സിങ്കിയാംഗും വടക്ക്- പടിഞ്ഞാറ് പഴയ യു.എസ്.എസ്.ആറിന്റെ ഭാഗമായ താജിക്കിസ്ഥാനും അഫ്ഗാനിസ്ഥാനും പടിഞ്ഞാറ് പാക്കിസ്ഥാനും തെക്കു ഭാഗത്ത് പാക്കിസ്ഥാന്റെയും ഇന്ത്യയുടെയും ഭൂപ്രദേശവുമടങ്ങിയ അതിരുകളാണ് ഈ ദേശത്തിനുള്ളത്.



**ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പിനെ മുൻനിർത്തിയുള്ള വിദ്വേഷ പ്രചരണങ്ങളിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്നത് കശ്മീർ വിഷയമാണെന്നതിനാൽ തന്നെ അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഊഹങ്ങൾക്കതീതമാണ്. കശ്മീർ പ്രശ്നത്തിന്റെ മൂലകാരണമറിയാതെ ഇടയ്ക്കിടയ്ക്കുണ്ടാവുന്ന പ്രശ്നങ്ങളിൽ വർഗീയതയ്ക്ക് വളം വെക്കുന്ന രൂപത്തിൽ, കശ്മീർ ഭരണാധികാരികളെ മുതൽ സ്വർഗത്തിലെ ഹൂർലീങ്ങളെ വരെ തെറിവിളിക്കുന്ന മനോരോഗികൾ വസ്തുനിഷ്ഠമായി കശ്മീരിന്റെ ചരിത്രം പഠിക്കേണ്ടതുണ്ട്.**

1339ൽ അധികാരത്തിലേറിയ ഷാമിർ ആയിരുന്നു കശ്മീരിലെ ആദ്യ ഭരണാധികാരി. പിന്നീട് തുടർച്ചയായി അഞ്ച് നൂറ്റാണ്ട് മുസ്‌ലിം ഭരണത്തിന്റെ കീഴിലായിരുന്നു ഈ പ്രദേശം. ഇതിൽ 1586 മുതൽ 1751 വരെ മുഗൾ രാജാക്കൻമാരും 1754 മുതൽ 1819 വരെ അഫ്ഗാൻ ദുറാനി രാജവംശവും ഈ പ്രദേശത്തിന്റെ ഭരണാധികാരികളായി. 1819ൽ മഹാരാജാ രഞ്ജിത് സിംഗിന്റെ നേതൃത്വത്തിലുള്ള സൈന്യം കശ്മീർ ആക്രമിച്ച് തന്റെ രാജ്യത്തോട് ചേർത്തു. 1846ലെ ആംഗ്ലോ-സിഖ് യുദ്ധത്തിന് ശേഷം ഈ പ്രദേശം ബ്രിട്ടീഷ് അധീനതയിലായി. തുടർന്ന് അതേവർഷം തന്നെ ഈസ്റ്റ് ഇന്ത്യാ കമ്പനിയും ജമ്മുവിലെ രാജാവായിരുന്ന ഗുലാബ് സിംഗും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്ന് ഗുലാബ് സിംഗ് 75 ലക്ഷം രൂപ നൽകി കശ്മീർ താഴ്‌വര വിലയ്ക്ക് വാങ്ങി. ഇതോടെ ലഡാക്കും ജമ്മുവും ഉൾപെടെയുള്ള രാജ്യത്തിന്റെ അതിർത്തി കശ്മീരി ഭാഷ സംസാരിക്കുന്ന മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ കശ്മീർ താഴ്‌വര കൂടി ഉൾപെട്ടതായി. അങ്ങനെയാണ് ജമ്മു കശ്മീർ ഉടലെടുക്കുന്നത്.

ദോഗ്ര വംശജനായ ഹരിസിംഗ് രാജാവിന്റെ ഭരണത്തോട് കൂടി രാജ്യം ശിഥിലമായി. പൗരൻമാർക്കിടയിൽ ഛിദ്രതയും അരക്ഷിതാവസ്ഥയും കടന്നു വന്നു. രാജാവിന്റെ പക്ഷപാതപരവും ജനദ്രോഹപരവുമായ നയങ്ങൾക്കെതിരെ ബഹുഭൂരിപക്ഷം വരുന്ന തദ്ദേശീയരായ മുസ്‌ലിം ജനവിഭാഗം പ്രതിഷേധിച്ചു തുടങ്ങി. 1931ൽ ഇതിന് സംഘടിത രൂപം കൈവന്നു. 1932ൽ പൊതുജന പങ്കാളിത്തത്തോടെ ഷേഖ് മുഹമ്മദ് അബ്ദുല്ലയുടെ നേതൃത്വത്തിൽ 'ആൾ ജമ്മു ആന്റ് കശ്മീർ മുസ്‌ലിം കോൺഫറൻസ്' നിലവിൽ വന്നു. പിന്നീട് 'നാഷണൽ കോൺഫറൻസ്' എന്ന പേരിൽ പുനർ നാമകരണം ചെയ്യപ്പെട്ട ഈ സംഘടന പൗരന്മാർക്കിടയിലെ ഭരണകൂട വിവേചനത്തിനെതിരെ ശക്തമായി നിലകൊണ്ടു. സംഘടനയുടെ നേതൃത്വത്തിൽ നടന്ന ആഭ്യന്തര പ്രതിഷേധങ്ങൾക്കൊടുവിൽ രാജാവ് നിശ്ചയിച്ച ഗ്ലാൻസി കമ്മീഷൻ (Glancy Commission) അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. മുസ്‌ലിംകൾക്ക് ഭരണരംഗത്ത് അർഹമായ പ്രാതിനിധ്യം നൽകണമെന്ന ആവശ്യം തത്ത്വത്തിൽ അംഗീകരിച്ചെങ്കിലും ഇത് നടപ്പാക്കുന്നതിൽ രാജാവ് പൂർണ പരാജയമായിരുന്നു. 1934ൽ നിയമസഭ രൂപീകരിച്ചെങ്കിലും രാജാവിന്റെ മർക്കടമുഷ്ടി കാരണം അതിന്റെ അധികാരം എടുത്തു കളഞ്ഞു. ഈസ്റ്റ് ഇന്ത്യാ കമ്പനിയും രാജാ ഗുലാം സിംഗും തമ്മിലുള്ള അമൃത്സർ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ക്വിറ്റ് കശ്മീർ പ്രക്ഷോഭത്തിന് നാഷണൽ കോൺഫറൻസ് മുന്നിട്ടിറങ്ങിയതോടെ ഷേക്ക് അബ്ദുല്ല അറസ്റ്റിലായി.

1947 ആഗസ്റ്റ് 15ന് ഇന്ത്യയും പാക്കിസ്ഥാനും ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ആക്ട് പ്രകാരം രണ്ട് രാജ്യങ്ങളായി മാറി. നിലവിലുള്ള 562 നാട്ടുരാജ്യങ്ങളിലുള്ള ബ്രിട്ടീഷ് മേധാവിത്വം അവസാനിച്ചു. നാട്ടുരാജ്യങ്ങൾക്ക് ഈ രണ്ട് രാജ്യങ്ങളിൽ ഇഷ്ടമുള്ളവയിൽ ചേരാമെന്നും നിബന്ധന വെച്ചു. ഇതനുസരിച്ച് ചില നാട്ടുരാജ്യങ്ങൾ പാക്കിസ്ഥാനിലും ചിലത് ഇന്ത്യയിലും ലയിച്ചു. എന്നാൽ ഹൈദരാബാദ്, തിരു കൊച്ചി, ജമ്മു കശ്മീർ, ജുനാഗത് തുടങ്ങിയ ചില പ്രദേശങ്ങൾ തുടക്കത്തിൽ സ്റ്റാൻഡ് സ്റ്റിൽ (Standstill agreement) ഉടമ്പടി പ്രകാരം ആരുമായും ചേരാതെ നിലയുറപ്പിച്ചു. സർദാർ വല്ലഭായ് പട്ടേലിനായിരുന്നു നാട്ടുരാജ്യങ്ങളെ ലയിപ്പിക്കാനുള്ള ചുമതല. എന്നാൽ കശ്മീരിലെ പ്രത്യേക സാഹചര്യവും ഹരിസിംഗും എതിരാളി ഷേക്ക് അബ്ദുല്ലയുമായുള്ള നെഹ്റുവിന്റെ ഉറ്റ സൗഹൃദവും പരി

**1947 ആഗസ്റ്റ് 15ന് ഇന്ത്യയും പാക്കിസ്ഥാനും ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ആക്ട് പ്രകാരം രണ്ട് രാജ്യങ്ങളായി മാറി. നിലവിലുള്ള 562 നാട്ടുരാജ്യങ്ങളിലുള്ള ബ്രിട്ടീഷ് മേധാവിത്വം അവസാനിച്ചു. നാട്ടുരാജ്യങ്ങൾക്ക് ഈ രണ്ട് രാജ്യങ്ങളിൽ ഇഷ്ടമുള്ളവയിൽ ചേരാമെന്നും നിബന്ധന വെച്ചു. ഇതനുസരിച്ച് ചില നാട്ടുരാജ്യങ്ങൾ പാക്കിസ്ഥാനിലും ചിലത് ഇന്ത്യയിലും ലയിച്ചു. എന്നാൽ ഹൈദരാബാദ്, തിരു കൊച്ചി, ജമ്മു കശ്മീർ, ജുനാഗത് തുടങ്ങിയ ചില പ്രദേശങ്ങൾ തുടക്കത്തിൽ സ്റ്റാൻഡ് സ്റ്റിൽ ഉടമ്പടി പ്രകാരം ആരുമായും ചേരാതെ നിലയുറപ്പിച്ചു. എന്നാൽ, തുടക്കം മുതൽ തന്നെ സ്റ്റാൻഡ് സ്റ്റിൽ ഉടമ്പടി പാക്കിസ്ഥാൻ ലംഘിച്ച് തുടങ്ങി. പ്രദേശത്തേക്കുള്ള ഇന്ധനവും മറ്റ് അവശ്യ വസ്തുക്കളും വിതരണം ചെയ്യുന്നത് കുറക്കുകയും പൂർണമായും റദ്ദാക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ഇതിന് സകല ഒത്താശയും പാക്കിസ്ഥാൻ പട്ടാളം ചെയ്തുകൊടുക്കുകയും ചെയ്തു.**


ഗണിച്ച് പ്രസ്തുത ഉദ്യമം നെഹ്റു തന്നെ നേരിട്ട് ഏറ്റെടുക്കുകയായിരുന്നു. എന്നാൽ കാര്യങ്ങൾ അദ്ദേഹം ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് പോയില്ല. സമയമെടുത്ത് രാജാവിനെ തിരുത്താമെന്ന അദ്ദേഹത്തിന്റെ ധാരണയും പിഴച്ചു. ഭരണ നിർവഹണരംഗത്ത് പുതുതായി വന്ന ഉത്തരവാദിത്തങ്ങൾ ഇതിന് കാലവിളംബം വരുത്തുകയും ചെയ്തതോടെ ഇരു രാജ്യങ്ങളിലും ചേരാതെയുള്ള കശ്മീരിന്റെ നിലപാട് മാറ്റമില്ലാതെ മുന്നോട്ട് പോയി. എന്നാൽ, തുടക്കം മുതൽ തന്നെ സ്റ്റാൻഡ് സ്റ്റിൽ ഉടമ്പടി പാക്കിസ്ഥാൻ ലംഘിച്ച് തുടങ്ങി. പ്രദേശത്തേക്കുള്ള ഇന്ധനവും മറ്റ് അവശ്യ വസ്തുക്കളും വിതരണം ചെയ്യുന്നത് കുറക്കുകയും പൂർണമായും റദ്ദാക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. കൂടാതെ പാക്കിസ്ഥാന്റെ ഭാഗമായ നോർത്ത് വെസ്റ്റേൺ ഫ്രോണ്ടിയർ പ്രോവിൻസിൽ നിന്ന് വൻതോതിൽ ആദിവാസികൾ ജമ്മു കശ്മീരിലേക്ക് നുഴഞ്ഞു കയറി. ഇതിന് സകല ഒത്താശയും പാക്കിസ്ഥാൻ പട്ടാളം ചെയ്തു കൊടുക്കുകയും ചെയ്തു.

വ്യത്യസ്ത രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നതിനാലും ഭൂമിശാസ്ത്രപരമായി ഏറെ പ്രത്യേകതകളുള്ളതിനാലും കശ്മീർ പ്രശ്നം ഏതെങ്കിലുമൊരു രാജ്യത്തിന് പെട്ടെന്ന് കൈകാര്യം ചെയ്യാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല. ഇരു രാജ്യങ്ങൾക്കുമിടയിലെ മറ്റൊരു സ്വയംഭരണ പ്രദേശമായി നിലകൊള്ളാനും അതിലെ ഭരണാധികാരിയായിത്തീരാനുമുള്ള കശ്മീർ രാജാവ് ഹരിസിംഗിന്റെ സ്വാർഥ ചിന്തയായിരുന്നു കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. രാജ്യനിവാസികൾ മുൾമുനയിൽ നിൽക്കുമ്പോൾ ബോംബെ റേസ് കോഴ്സിൽ ഗോൾഫ് കളിക്കാനും കശ്മീർ വനമേഖലകളിൽ നായാട്ടിന് പോകാനും സമയം കണ്ടെത്തിയ രാജാവിന്റെ ഉദാസീനത ഇരു രാജ്യങ്ങളിലെ നയതന്ത്രജ്ഞർക്കും പൗരന്മാർക്കും ഒരുപോലെ അതൃപ്തി സമ്മാനിച്ചു.

കശ്മീർ പാക്കിസ്ഥാനിൽ ചേരണമെന്നും ഇന്ത്യയുടെ ഭാഗമാവണമെന്നുമുള്ള രണ്ട് ചിന്താഗതി പൗരൻമാരിൽ ഉയർന്നുവന്നു. ഇത് ക്രമേണ ആക്രണ സമരങ്ങളിലേക്ക് വഴിമാറി. പാക്കിസ്ഥാനോടൊപ്പം ചേരണമെന്ന് പറഞ്ഞ് സമരം നടത്തിയ പ്രക്ഷോഭകാരികൾക്ക് നേരെ ഹരിസിംഗ് രാജാവ് നിറയൊഴിക്കാൻ ഉത്തരവിട്ടു. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. പ്രക്ഷോഭത്തിന്റെ പ്രഭവകേന്ദ്രമായ പൂഞ്ചിൽ നിന്ന് നിരവധി സിവിലിയൻമാർ പാക്കിസ്ഥാനിലേക്ക് പലായനം ചെയ്തു. അവരിൽ പലരും പാക്കിസ്ഥാന്റെ സഹായത്തോടെ തിരിച്ചടി തുടങ്ങി. ആക്രമണത്തിനിരയായ സമീപപ്രദേശങ്ങളിലുള്ളവരെല്ലാം ജമ്മുവിൽ അഭയം തേടി. വൈകാതെ അതൊരു വർഗീയ ലഹളയായി രൂപാന്തരം പ്രാപിച്ചു. രാജാവിന്റെ സഹായത്തോടെ ഹിന്ദുക്കളും സിഖ് മതസ്ഥരും ഒരു വശത്തും മറുവശത്ത് മുസ്ലിംകളും ലഹളക്ക് നേതൃത്വം നൽകി. മിർപൂരിലും മുസാഫറാബാദിലും തമ്പടിച്ച മുസ്ലിം വിഭാഗവും ജമ്മു കേന്ദ്രീകരിച്ച ഹിന്ദു-സിഖ് വിഭാഗവും നിയന്ത്രിക്കാനാളില്ലാതെ യുദ്ധസമാനമായ അന്തരീക്ഷത്തിലേക്ക് കാര്യങ്ങൾ കൊണ്ടുപോയി.

1947 ഒക്ടോബർ 12ന് ജമ്മുവിലെ മുസ്ലിംകളെ കൂട്ടക്കൊല ചെയ്യുന്നുവെന്ന് കാണിച്ച് പാക്കിസ്ഥാൻ കശ്മീർ രാജാവിന് ടെലഗ്രാമയച്ചു. ആരോപണം കശ്മീർ ഭരണകൂടം നിഷേധിച്ചില്ലെങ്കിലും അന്വേഷണം നടത്താനോ തക്ക നടപടികളെടുക്കാനോ ഉത്തരവാ

**വ്യത്യസ്ത രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നതിനാലും ഭൂമിശാസ്ത്രപരമായി ഏറെ പ്രത്യേകതകളുള്ളതിനാലും കശ്മീർ പ്രശ്നം ഏതെങ്കിലുമൊരു രാജ്യത്തിന് പെട്ടെന്ന് കൈകാര്യം ചെയ്യാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല. ഇരു രാജ്യങ്ങൾക്കുമിടയിലെ മറ്റൊരു സ്വയംഭരണ പ്രദേശമായി നിലകൊള്ളാനും അതിലെ ഭരണാധികാരിയായിത്തീരാനുമുള്ള കശ്മീർ രാജാവ് ഹരിസിംഗിന്റെ സ്വാർഥ ചിന്തയായിരുന്നു കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. രാജ്യനിവാസികൾ മുൾമുനയിൽ നിൽക്കുമ്പോൾ ബോംബെ റേസ് കോഴ്സിൽ ഗോൾഫ് കളിക്കാനും കശ്മീർ വനമേഖലകളിൽ നായാട്ടിന് പോകാനും സമയം കണ്ടെത്തിയ രാജാവിന്റെ ഉദാസീനത ഇരു രാജ്യങ്ങളിലെ നയതന്ത്രജ്ഞർക്കും പൗരന്മാർക്കും ഒരുപോലെ അതൃപ്തി സമ്മാനിച്ചു.**



ദപ്പെട്ടവർ തയ്യാറായില്ല. ഒക്ടോബർ 22ന് പാക്കിസ്ഥാന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ലിയാഖത്ത് അലിഖാന്റെ ഒത്താശയോടെ പൂഞ്ചിലെ വിപ്ലവകാരികളെ ഉപയോഗിച്ച് പഠാൻ ഗോത്രവർഗക്കാർ കശ്മീരിനെ ആക്രമിച്ചു. ഒക്ടോബർ 24ന് പൂഞ്ചിലെ വിപ്ലവകാരികൾ 'ആസാദ് കശ്മീർ' എന്ന പേരിൽ സ്വതന്ത്രരാജ്യം സ്ഥാപിച്ചു. വേണ്ടത്ര സായുധ ശക്തിയില്ലാതിരുന്ന കശ്മീർ രാജാവ് ഹരിസിംഗ് ഈ ആക്രമണണത്തെയും തുടർനടപടികളെയും പ്രതിരോധിക്കാൻ അശക്തനായിരുന്നു. അതിനാൽ തന്നെ അദ്ദേഹം ഇന്ത്യയോട് സൈനികസഹായം ആവശ്യപ്പെട്ടു. എന്നാൽ വിഭജന സമയത്ത് ഇന്ത്യയോടൊപ്പം ചേരാൻ വിസമ്മതിച്ച ജമ്മു കശ്മീർ ഇന്ത്യയുടെ ഭാഗമല്ലാത്തതിനാൽ സഹായിക്കേണ്ടതില്ല എന്നായിരുന്നു നെഹ്‌റുവിന്റെ നിലപാട്. അതിനെ തുടർന്ന് 1947 ഒക്ടോബർ 26ന് അന്ന് 75 ശതമാനം മുസ്‌ലിം ഭൂരിപക്ഷമുള്ള ജമ്മു കശ്മീർ ഇന്ത്യയുടെ ഭാഗമായി മാറാനുള്ള Instrument of accession (IOA) ഒപ്പ് വെക്കാൻ രാജാവ് ഹരി സിംഗ് നിർബന്ധിതനായി. സ്വാതന്ത്ര്യാനന്തരം ആഭ്യന്തര പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തിക്കുറവ് കാരണം തിരികെ വിളിച്ച മൗണ്ട് ബാറ്റൺ പ്രഭുവായിരുന്നു ഗവർണർ ജനറലായി ഹരി സിംഗുമായി ഒപ്പ് വെച്ചത്.

എന്നാൽ, IOA പ്രകാരം ഇന്ത്യക്ക് കശ്മീരിന്റെ പൂർണ നിയന്ത്രണാവകാശം വകവെച്ച് നൽകാൻ രാജാവ് തയ്യാറായില്ല. മറിച്ച് പ്രതിരോധം, വാർത്താ വിനിമയം, വിദേശം എന്നീ മേഖലകളിൽ മാത്രമാണ് ഇന്ത്യക്ക് അധികാരം വകവെച്ച് കിട്ടിയത്. കശ്മീർ തർക്ക പ്രദേശമാണെന്നും അത് അവിടുത്തെ ജനങ്ങൾക്കിടയിൽ നടത്തുന്ന ഹിത പരിശോധനയിലൂടെ മാത്രമെ ആരുടേതാണെന്ന് തീർച്ചപ്പെടുത്താവൂ എന്നുമാണ് പ്രസ്തുത കരാർ അനുശാസിക്കുന്നത്.

IOAയുടെ പിൻബലത്തിൽ 1947 ഒക്ടോബർ 27ന് ഇന്ത്യൻ പട്ടാളം ജമ്മു കശ്മീരിൽ പ്രവേശിച്ചു. എന്നാൽ IOAയുടെ നിയമസാധുതയും പട്ടാള നടപടിയും പാക്കിസ്ഥാൻ അംഗീകരിച്ചില്ല. അവരും കശ്മീരിലേക്ക് സായുധ സൈന്യത്തെ നിയോഗിച്ചു. നവംബർ മാസത്തിൽ ഇന്ത്യ രണ്ട് നിർദേശങ്ങൾ മുന്നോട്ട് വെച്ചു. 'പാക്കിസ്ഥാൻ കശ്മീരിൽ നിന്ന് സൈന്യത്തെ പൂർണമായും പിൻവലിക്കണം. ഇന്ത്യയുടെ മേൽനോട്ടത്തിൽ ഹിത പരിശോധന നടത്തണം.' എന്നാൽ ഇന്ത്യൻ പട്ടാളത്തിന്റെ സാന്നിധ്യവും പ്രബല ശക്തിയായ നാഷണൽ കോൺഫൻസിന്റെ പിന്തുണയും നേതാവായ ഷെയ്ഖ് അബ്ദുല്ലയുടെ പരസ്യമായ നെഹ്‌റു സൗഹൃദവും കശ്മീർ ജനതയുടെ കൃത്യമായ അഭിപ്രായ സ്വാതന്ത്ര്യത്തിന് വിഘാതമാവുമെന്ന് പാക്കിസ്ഥാൻ മുൻകൂട്ടി കണ്ടു. പകരമായി പാക്കിസ്ഥാൻ മുന്നോട്ട് വെച്ച 'പട്ടാളത്തെ പിൻവലിക്കാമെന്നും ഹിത പരിശോധനക്ക് അന്താരാഷ്ട്ര ഏജൻസി മുൻകയ്യെടുക്കണമെന്നു'മുള്ള നിർദേശത്തോട് ഇന്ത്യക്കും യോജിക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഏറ്റുമുട്ടലിലേക്കും ഇന്ത്യയും പാക്കിസ്ഥാനുമായുള്ള ആദ്യ യുദ്ധത്തിലേക്കും അത് നയിച്ചു.

1948 ജനുവരി ഒന്നിന് ഇന്ത്യ ഐക്യരാഷ്ട്ര സഭയുടെ മുമ്പിൽ പ്രശ്നം അവതരിപ്പിച്ചു. തുടർന്ന് പാക്കിസ്ഥാനും ഇതേ വാദവുമായി അവരെ സമീപിക്കുകയും ഇരുവരുടെയും വാദങ്ങൾ മുഴുവനായി കേട്ട ശേഷം UN 1948 ഏപ്രിൽ 21ന് 47ാം നമ്പർ പ്രമേയം പാസാക്കുകയും ചെയ്തു. പ്രശ്നം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി അമേരിക്ക, അർജന്റീന, ബെൽജിയം, കൊളംബിയ, ചെക്കോസ്ലാവാക്യ എന്നീ അഞ്ച് രാജ്യങ്ങളിലെ പ്രതിനിധികളെ ചുമതലപ്പെ

**ഒന്നാം ഇന്തോ-പാക് യുദ്ധത്തിന് 1949 ജനുവരി ഒന്നിന് വെടിനിർത്തൽ പ്രഖ്യാപിച്ചതോടെ അതുവരെ അധീശത്വം പുലർത്തിയിരുന്ന പ്രദേശങ്ങൾ നിലനിർത്തി ഇരു രാജ്യങ്ങളും സമാധാനക്കരാർ പാലിച്ചു. ഇതുപ്രകാരം കശ്മീരിന്റെ പ്രധാന ഭാഗങ്ങളും ജമ്മുവും ലഡാക്കും ഇന്ത്യയുടെ ഭാഗമായി. ആസാദ് കശ്മീർ എന്നറിയപ്പെടുന്ന പാക്ക് അധിനിവേശ സ്ഥലവും ചില വടക്കൻ പ്രവിശ്യകളും പാക്കിസ്ഥാന്റെ കൈകളിലുമായി. പാക്കിസ്ഥാന്റെ കയ്യിലിരിക്കുന്ന ഈ പ്രദേശങ്ങളാണ് 'പാക് അധീന കശ്മീർ' അഥവാ POK എന്ന് ഇന്നറിയപ്പെടുന്നത്. വെടിനിർത്തൽ കരാർ യാഥാർഥ്യമായെങ്കിലും തങ്ങൾ അധീനപ്പെടുത്തിയ ഭൂമി വിട്ടുകൊടുക്കാനോ അവിടെ വിന്യസിച്ച പട്ടാളത്തെ പിൻവലിക്കാനോ ഇരു രാഷ്ട്രങ്ങളും തയ്യാറായില്ല. മാത്രമല്ല ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെച്ച ഹിതപരിശോധന നടത്താൻ വർഷങ്ങൾ ഏറെക്കഴിഞ്ഞിട്ടും ആരും മുൻകയ്യെടുത്തതുമില്ല.**

**പാക്കിസ്ഥാൻ തീവ്രവാദികളോടോ പാക്കിസ്ഥാൻ പട്ടാളത്തോടോ സ്വീകരിക്കുന്ന നയ നിലപാടുകളല്ല തദ്ദേശവാസികളായ കാശ്മീരികളോട് പുലർത്തേണ്ടത് എന്ന ന്യായമായ ബോധം ഓരോ ഭാരതീയനും കൈമുതലായുണ്ടാവണം. അതോടൊപ്പം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളോട് കാണിക്കുന്ന സ്നേഹവും ദയാവായ്പ്പും കാശ്മീരിന്റെ കാര്യത്തിൽ മാത്രം അന്യംനിന്ന് പോകരുതെന്ന് ഓരോരുത്തരും പ്രതിജ്ഞയെടുക്കേണ്ടതുണ്ട്; പ്രത്യേകിച്ച്, മതത്തിന്റെ പേരിൽ രാജ്യം രൂപീകരിച്ച് പാക്കിസ്ഥാൻ മുന്നോട്ട് പോയപ്പോഴും അതിൽ ചേരാതെ ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിം ജനസാമാന്യത്തെ ഇന്ത്യയിൽ ഉറപ്പിച്ച് നിർത്തിയ  പരസ്പര വിശ്വാസത്തിലൂന്നിയ അവരുടെ ദേശസ്നേഹത്തെ മാനിച്ചെങ്കിലും.**

ടുത്തി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ജമ്മു കശ്മീർ ഇന്ത്യയുടെ ഭാഗമാണോ പാക്കിസ്ഥാന്റെ ഭാഗമാണോ എന്ന കാര്യം സ്വതന്ത്രമായി നടത്തുന്ന ഹിത പരിശോധനയിലൂടെ തീരുമാനിക്കാമെന്നും ഇതിനായി ഐക്യരാഷ്ട്ര സഭ Plebiscite administrators നാമനിർദേശം ചെയ്യുമെന്നും പ്രദേശത്തെ പലായനം ചെയ്ത മുഴുവൻ പൗരൻമാരെയും തിരികെയെത്തിച്ച് ഹിത പരിശോധനയിൽ ഭാഗഭാക്കാക്കുമെന്നും ഇത് നടപ്പാക്കാനായി ഇരു രാജ്യങ്ങളും വെടിനിർത്തൽ കരാറിൽ ഒപ്പിടണമെന്നും തീരുമാനമായി.

1949 ജനുവരി ഒന്നിന് വെടിനിർത്തൽ പ്രഖ്യാപിച്ചതോടെ അതുവരെ അധീശത്വം പുലർത്തിയിരുന്ന പ്രദേശങ്ങൾ നിലനിർത്തി ഇരു രാജ്യങ്ങളും സമാധാനക്കരാർ പാലിച്ചു. ഇതുപ്രകാരം കശ്മീരിന്റെ പ്രധാന ഭാഗങ്ങളും ജമ്മുവും ലഡാക്കും ഇന്ത്യയുടെ ഭാഗമായി. ആസാദ് കശ്മീർ എന്നറിയപ്പെടുന്ന പാക്ക് അധിനിവേശ സ്ഥലവും ചില വടക്കൻ പ്രവിശ്യകളും പാക്കിസ്ഥാന്റെ കൈകളിലുമായി. പാക്കിസ്ഥാന്റെ കയ്യിലിരിക്കുന്ന ഈ പ്രദേശങ്ങളാണ് 'പാക് അധീന കശ്മീർ' അഥവാ POK എന്ന് ഇന്നറിയപ്പെടുന്നത്. വെടിനിർത്തൽ കരാർ യാഥാർഥ്യമായെങ്കിലും തങ്ങൾ അധീനപ്പെടുത്തിയ ഭൂമി വിട്ടുകൊടുക്കാനോ അവിടെ വിന്യസിച്ച പട്ടാളത്തെ പിൻവലിക്കാനോ ഇരു രാഷ്ട്രങ്ങളും തയ്യാറായില്ല. മാത്രമല്ല ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെച്ച ഹിതപരിശോധന നടത്താൻ വർഷങ്ങൾ ഏറെക്കഴിഞ്ഞിട്ടും ആരും മുൻകയ്യെടുത്തതുമില്ല.

ഇന്ത്യൻ ഭരണഘടനയോട് പൂർണമായും താദാത്മ്യം പ്രാപിക്കാൻ 1949 മെയ് മാസത്തോടെ രാജ്യങ്ങൾ തയ്യാറായെങ്കിലും ജമ്മു കശ്മീർ വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചത്. IOAയിൽ പറഞ്ഞ മൂന്ന് കാര്യങ്ങളായ പ്രതിരോധം, വിദേശം, വാർത്താ വിനിമയം എന്നതിൽ മാത്രമെ ഇന്ത്യൻ ഭരണഘടന അംഗീകരിക്കേണ്ടതുള്ളൂ എന്ന നിലപാടിൽ അവർ ഇപ്പോഴും ഉറച്ച് നിൽക്കുന്നു. പുതുതായി എന്ത് നിയമം കൊണ്ടുവന്നാലും അത് ജമ്മു കശ്മീരിന്റെ അനുവാദത്തോട് കൂടി മാത്രമെ പാസാക്കാൻ കഴിയൂ എന്ന രീതിയിലാണ് നിയമം രൂപകൽപന ചെയ്തത്. ജമ്മു കശ്മീരിന് പ്രത്യേക അവകാശം നിലനിർത്താനുള്ള ഇന്ത്യൻ ഭരണഘടനയുടെ 370ാം അനുഛേദം നിലനിർത്തിയിരിക്കുന്നത് ഈയൊരു അവകാശം സംരക്ഷിക്കാനാണ്. അതിൽ യാതൊരു മാറ്റവും വരുത്താൻ നിയമം അനുവദിക്കുന്നില്ല എന്ന് സുപ്രീം കോടതി തന്നെ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ഈയൊരു വസ്തുത മനസ്സിലാക്കാതെയാണ് കേരളവും കർണാടകയും പോലെ കേന്ദ്രത്തിന് പൂർണമായി നിയന്ത്രണാധികാരമുള്ള സംസ്ഥാനമെന്ന ധാരണയിൽ 370ാം വകുപ്പ് ഏകപക്ഷീയമായി റദ്ദാക്കണമെന്നും നിർബന്ധിപ്പിച്ച് ഇന്ത്യയിൽ ലയിപ്പിക്കണമെന്നുമെല്ലാമുള്ള പ്രസ്താവനകൾ അവിവേകികളിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്.

പാക്കിസ്ഥാൻ തീവ്രവാദികളോടോ പാക്കിസ്ഥാൻ പട്ടാളത്തോടോ സ്വീകരിക്കുന്ന നയ നിലപാടുകളല്ല തദ്ദേശവാസികളായ കശ്മീരികളോട് പുലർത്തേണ്ടത് എന്ന ന്യായമായ ബോധം ഓരോ ഭാരതീയനും കൈമുതലായുണ്ടാവണം. അതോടൊപ്പം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളോട് കാണിക്കുന്ന സ്നേഹവും ദയാവായ്പ്പും കശ്മീരിന്റെ കാര്യത്തിൽ മാത്രം അന്യംനിന്ന് പോകരുതെന്ന് ഓരോരുത്തരും പ്രതിജ്ഞയെടുക്കേണ്ടതുണ്ട്; പ്രത്യേകിച്ച്, മതത്തിന്റെ പേരിൽ രാജ്യം രൂപീകരിച്ച് പാക്കിസ്ഥാൻ മുന്നോട്ട് പോയപ്പോഴും അതിൽ ചേരാതെ ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിം ജനസാമാന്യത്തെ ഇന്ത്യയിൽ ഉറപ്പിച്ച് നിർത്തിയ പരസ്പര വിശ്വാസത്തിലൂന്നിയ അവരുടെ ദേശസ്നേഹത്തെ മാനിച്ചെങ്കിലും.

**അടുത്ത ലക്കത്തിൽ:**
**കശ്മീരിൽ സംഭവിക്കുന്നത്** ●



സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം

# പ്രാർഥനയിൽ ശ്രദ്ധിക്കേണ്ടത്

(കഴിഞ്ഞ ലക്കം തുടർച്ച)

**പ്രാ**ർഥനയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. അതിന്റെ തുടർച്ചയാണ് ഈ ലക്കത്തിൽ വിവരിക്കുന്നത്.

16. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ചോദിക്കുക.

17. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

19. 'അല്ലാഹുവേ, നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് പൊറുത്ത് തരേണമേ. നീ ഉ ദ്ദേശിക്കുകയാണെങ്കിൽ ഇന്ന കാര്യം നൽകേണമേ' എന്ന് പ്രാർഥിക്കാതെ, അല്ലാഹുവേ, എനിക്ക് നീ പൊറുത്ത് തരേണമേ, എനിക്ക് നീ ഇന്ന കാര്യം നൽകേണമേ എന്ന് പ്രാർഥിക്കുക. കാരണം തിരുദൂതർﷺ അങ്ങനെ പ്രാർഥിക്കുന്നത് വിലക്കിയിട്ടുണ്ട്.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങളാരെങ്കിലും പ്രാർഥിക്കുകയാണെങ്കിൽ 'അല്ലാഹുവേ, നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് നീ പൊറുത്ത് തരേണമേ' എന്ന് പ്രാർഥിക്കരുത്. മറിച്ച്, ആവശ്യപ്പെടുന്ന കാര്യം എനിക്ക് നീ നൽകേണമേയെന്ന് ഉറപ്പിച്ച് പറയുക. അത്പോലെ ആഗ്രഹങ്ങൾ ഉന്നതമാക്കുക. ഉദാഹരണമായി: എനിക്ക് നീ സ്വർഗം നൽകേണമേ, എനിക്ക് നീ പൊറുത്ത് തരേണമേ എന്ന് പ്രാർഥിക്കുന്നത് പോലെ. കാരണം അല്ലാഹുവിനോട് നിരന്തരം ചോദിക്കുന്ന കാര്യം അവൻ നൽകുക തന്നെ ചെയ്യുന്നതാണ്" (മുസ്‌ലിം).



20. സ്വന്തത്തിന് പ്രാർഥിക്കുന്നതോടൊപ്പം മാതാപിതാക്കൾക്കും സത്യവിശ്വാസി വിശ്വാസിനികൾക്കും വേണ്ടി പ്രാർഥിക്കുക: വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു അതിന് വേണ്ടി വിശ്വാസികളെ പ്രേരിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" (അൽഇസ്റാഅ്: 24).

ഇബ്റാഹീം നബിﷺയെപ്പറ്റി അല്ലാഹു പറയുന്നു: "ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ'' (ഇബ്റാഹീം: 41).

നൂഹ് നബിﷺയെ സംബന്ധിച്ച് അല്ലാഹു പറയുന്നു: "എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവനും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ. അക്രമകാരികൾക്ക് നാശമല്ലാതെയൊന്നും നീ വർധിപ്പിക്കരുതേ'' (നൂഹ്: 28).

അല്ലാഹു പറയുന്നു: "നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവി ശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)" (മുഹമ്മദ്:19).

21. പ്രാർഥനയിൽ അതിര് കടക്കാതിരിക്കുക: ഉദാ: 'അല്ലാഹുവേ, നീ എനിക്ക് നിന്റെ സിംഹാനത്തിന്റെ ചുവട്ടിൽ ഒരു മണിമാളിക നൽകേണമേ' തുടങ്ങിയ പ്രാർഥനകൾ ഒഴിവാക്കുക. അല്ലാഹുവിനോട് സ്വർഗത്തിൽ കടക്കുവാനും നരകത്തിൽ നിന്ന് മോചിതനാവാനും വേണ്ടി പ്രാർഥിക്കുക. താഴെ വരുന്ന ഹദീഥ് ശ്രദ്ധിക്കുക:

അബൂനആമ ﷺയിൽ നിന്ന്: "അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ ﷺ തന്റെ മകൻ പ്രാർഥിക്കുന്നതായി കേട്ടു. അദ്ദേഹം പറയുന്നു: 'ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ വലത് ഭാഗത്ത് നീ എനിക്ക് തൂവെള്ള കൊട്ടാരം നൽകുക.' അപ്പോൾ മകനോട് അദ്ദേഹം പറയുകയുണ്ടായി: 'കുഞ്ഞു മകനേ, അല്ലാഹുവിനോട് നീ സ്വർഗം ചോദിക്കുക. നരകത്തിൽ നിന്ന് രക്ഷയും ചോദിക്കുക. കാരണം നബിﷺയിൽ നിന്ന് ഞാൻ കേൾക്കുകയുണ്ടായി: ഈ സമുദായത്തിൽ പ്രാർഥനയിലും ശുദ്ധി വരുത്തുന്നതിലും അതിരുകടക്കുന്ന ഒരു വിഭാഗം ഉണ്ടാവുക തന്നെ ചെയ്യുന്നതാണ്" (അബൂദാവൂദ്, ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).

22. പ്രാർഥിക്കുമ്പോൾ കൈകൾ ഉയർത്തുക: അബൂമൂസൽ അശ്അരിﷺയിൽ നിന്ന്: "നബിﷺ പ്രാർഥിച്ചു. പിന്നെ കൈകൾ ഉയർത്തുകയും ചെയ്തു. അപ്പോൾ ഞാൻ പ്രവാചകന്റെ രണ്ട് കക്ഷത്തിലെയും വെള്ള നിറം കാണുകയുണ്ടായി" (ബുഖാരി).

ഇബ്നു ഉമർﷺവിൽ നിന്ന്: നബിﷺ തന്റെ രണ്ട് കൈകളും ഉയർത്തി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവേ, ഖാലിദ് പ്രവർത്തിച്ചതിനെ സംബന്ധിച്ച് ഞാൻ നിന്നോട് നിരപരാധിത്വം ബോധിപ്പിക്കുന്നു' (ബുഖാരി)

സൽമാൻﷺവിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു: "തീർച്ചയായും ഉന്നതനായ നിങ്ങളുടെ രക്ഷിതാവ് മാന്യനും ലജ്ജയുള്ളവനുമാണ്. ഒരു അടിമ അവനിലേക്ക് തന്റെ കൈകൾ ഉയർത്തിയിട്ട് ഒന്നും നൽകാതെ വെറുതെ അത് മടക്കുന്നതിനെ തൊട്ട് ലജ്ജിക്കുന്നു" (അബൂദാവൂദ്, തിർമിദി. ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).


എന്നാൽ ജുമുഅ ഖുത്വുബക്ക് ശേഷമുള്ള പ്രാർഥനയിൽ ഇമാമും മഅ്മൂമും കൈകൾ ഉയർത്തുവാൻ പാടില്ല. ഖുത്വുബയുടെ ശേഷമുള്ള പ്രാർഥനയിൽ മഴക്ക് വേണ്ടി പ്രാർഥിക്കുകയാണെങ്കിൽ അപ്പോൾ കൈകൾ ഉയർത്താം.

23. ബുദ്ധിമുട്ടിക്കൊണ്ട് പ്രാസമൊപ്പിച്ചുള്ള പ്രാർഥനകൾ ഒഴിവാക്കുക. കാരണം പ്രവാചകൻﷺ അത് വിലക്കിയിട്ടുണ്ട്.

**(അവസാനിച്ചില്ല)**

ലേഖനം

ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്
mail@nerpatham.com



# ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും

മലപ്പുറം ജില്ല അമ്പതാം വാർഷികാഘോഷം പൂർത്തീകരിക്കാൻ ഒരുങ്ങവെ പ്രാദേശിക പത്രമാധ്യമങ്ങളിലെല്ലാം ജില്ലയുടെ സമ്പൂർണ വികസനത്തെയും മുന്നോട്ടുള്ള പ്രയാണത്തെയും കുറിച്ചുള്ള ചർച്ചകൾ സജീവമാണ്. മലപ്പുറം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി അവയിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ജനസംഖ്യാ വർധനവാണ്! 2011ലെ കാനേഷുമാരി പ്രകാരം 41.2 ലക്ഷം ജനങ്ങൾ ഈ ജില്ലയിൽ അതിവസിക്കുന്നു. കേരളത്തിലെ വയനാട്, പത്തനംതിട്ട, ആലപ്പുഴ, കാസർക്കോട് എന്നീ 4 ജില്ലകളിലെ ആകെ ജനസംഖ്യ 44 ലക്ഷം മാത്രമാണ്. ഈ പ്രതിസന്ധിയെ നേരിടാൻ ജില്ലയെ വിഭജിക്കണം എന്ന ആവശ്യവുമായി ചില പ്രാദേശിക പാർട്ടികൾ ഈയിടെ ലോംഗ് മാർച്ച് പോലും സംഘടിപ്പിച്ചിരുന്നു. യഥാർഥത്തിൽ സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരായ മാധ്യമങ്ങൾ സൃഷ്ടിച്ച ഒരു വിതണ്ഡവാദമാണ് ജനസംഖ്യാ വർധനവ് നാടിന്റെ വികസനത്തെ പിന്നോട്ടടിക്കുമെന്നത്.

മൂന്നാം ലോക രാജ്യങ്ങളുടെ ഏറ്റവും വലിയ സമ്പത്ത് മാനവവിഭവ ശേഷിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവരുടെ മേലുള്ള തങ്ങളുടെ അധീശത്വത്തിനു കോട്ടം തട്ടാതിരിക്കാൻ 'ശാസ്ത്രീയത'യുടെ പട്ടിൽ പൊതിഞ്ഞ ഇത്തരം മിഥ്യാധാരണകളെ അവർ പ്രചരിപ്പിക്കുകയാണ്. വസ്തുതയെന്തന്ന് തിരിച്ചറിയാത്ത പാമരജനങ്ങളാകട്ടെ ഇവരുടെ വാദങ്ങളെ വിശ്വസിച്ചു കൊണ്ട് തങ്ങളുടെ ഏറ്റവും വലിയ കരുത്തിനെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാണ്.

ടി. റോബർട്ട് മാൽത്തൂസ് എന്ന ക്രൈസ്തവ പാതിരി 1798ൽ രചിച്ച "An Essay on the principle of population' (ജനസംഖ്യയുടെ തത്ത്വത്തെക്കുറിച്ചുള്ള ഉപന്യാസം) എന്ന കൃതിയോടെയാണ് ജനങ്ങളിൽ ജനസംഖ്യാ വിസ്ഫോടനത്തെ കുറിച്ചുള്ള ഭീതി പരക്കാൻ തുടങ്ങിയത്. ജനസംഖ്യാ വർധനവ് മനുഷ്യന്റെ നിലനിൽപിനു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം സമർഥിച്ചു. പിന്നീട് രണ്ട് നൂറ്റാണ്ടുകൾക്കപ്പുറം 1968ൽ പോൾ എർലിച്ച് എഴുതിയ "The population Bomb' എന്ന കൃതിയിൽ അദ്ദേഹം പറയുന്നത് ലോക ജനസംഖ്യയെ നിയന്ത്രിച്ചില്ലെങ്കിൽ 1985 ആകുമ്പോഴേക്കും ലോകത്താകമാനം ഭക്ഷ്യക്ഷാമം വ്യാപിക്കുമെന്നും സമുദ്രങ്ങൾ ഇല്ലാതാകുമെന്നും പല പാശ്ചാത്യനാടുകളും മരുഭൂമികളായി പരിണമിക്കു

മെന്നും ലോകജനതയുടെ ആയുർദൈർഘ്യം 42 ആയി ചുരുങ്ങുമെന്നുമൊക്കെയാണ്.

അതിനു ശേഷം ഇതഃപര്യന്തമുള്ള ചരിത്രം എന്താണ്? റോബർട്ട് മാൽത്തൂസ് തന്റെ ആശയങ്ങൾ മുന്നോട്ടു വെക്കുമ്പോൾ ലോക ജനസംഖ്യ 90 കോടി ആയിരുന്നുവെങ്കിൽ ഇന്ന് അതിന്റെ എട്ടിരട്ടിയിലധികമാണ് ഇവിടെ ജീവിക്കുന്നത്. ജനസംഖ്യാ വർധനവിനാൽ ഉണ്ടാകുമെന്ന് പ്രചരിക്കപ്പെട്ട ദൂരവ്യാപക പ്രത്യാഘാതങ്ങൾ എവിടെ? വർധനവിന് അനുസൃതമായി സംഭവിക്കുമെന്ന് ഇദ്ദേഹം വാദിച്ച ഭക്ഷ്യക്ഷാമം, രോഗങ്ങളുടെ വ്യാപനം, പ്രതിശീർഷ വരുമാനത്തിലെ ഇടിവ്, തൊഴിലില്ലായ്മയിലെ വർധനവ് എന്നിവ കേവലം നിരർഥകമായിരുന്നുവെന്നത് പകൽപോലെ വ്യക്തമാണ്. മനുഷ്യൻ സൃഷ്ടിച്ച വൈജ്ഞാനിക മുന്നേറ്റങ്ങളും സാങ്കേതിക വിപ്ലവങ്ങളും ഭൂമിയെ കൂടുതൽ കാര്യക്ഷമമാക്കുകയാണ് ചെയ്തത് എന്നത് വ്യക്തമാണ്. ഉദാഹരണത്തിന് യു.എൻ.ഡി.പി. ഹ്യൂമൻ ഡവലപ്പ്മെന്റ് റിപ്പോർട്ട് പ്രകാരം 1950ൽ ലോക ജനസംഖ്യ 252 കോടിയായിരുന്നപ്പോൾ ഭൂമിയിലെ മൊത്തം ഭക്ഷ്യ ഉൽപാദനം 62.4 കോടി ടൺ ആയിരുന്നുവെങ്കിൽ 1990ൽ ജനസംഖ്യ 520 കോടി ആയിരുന്നപ്പോൾ ഭക്ഷ്യ ഉൽപാദനം 180 കോടി ടൺ ആയി ഉയർന്നു. ഇതിനു സമാനമാണ് മറ്റു മേഖലകളിലെ പുരോഗതിയും.

പാശ്ചാത്യന്റെ ഈ ജൽപനത്തെ പ്രയോഗവൽക്കരിച്ചു കൊണ്ട് 1979 മുതൽ 4 പതിറ്റാണ്ട് കാലത്തോളം ജനസംഖ്യാ നിയന്ത്രണം ഏർപെടുത്തിയിരുന്ന ചൈന പോലും ഒടുവിൽ ഈ യാഥാർഥ്യം തിരിച്ചറിഞ്ഞു. 31 കൊല്ലക്കാലം നടപ്പിൽ വരുത്തിയ 'ഒറ്റക്കുട്ടി' നയം അവർ 2016ൽ എടുത്തുമാറ്റി. ഓരോ മണിക്കൂറിലും 1500ൽ പരം ഭ്രൂണഹത്യകൾക്ക് നിദാനമായ ഈ ഡ്രാക്കോണിയൻ നിയമം ചൈനയുടെ സാമൂഹിക ഘടനയെ തന്നെ താറുമാറാക്കി. രാജ്യത്ത് വൃദ്ധന്മാരുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവും യുവാക്കളുടെ എണ്ണത്തിൽ ഗണ്യമായ ഇടിവും രേഖപ്പെടുത്തുവാൻ ഇതു കാരണമായി. മാനവവിഭവ ശേഷിയാണ് രാഷ്ട്രത്തിന്റെ യഥാർഥ സമ്പത്തെന്ന വസ്തുത വൈകിയാണെങ്കിലും ഭൗതിക പ്രത്യയശാസ്ത്രത്തിന്റെ വക്താക്കൾക്ക് ഉൾക്കൊള്ളാനായി. വികസിത രാഷ്ട്രങ്ങളിലെല്ലാം ഇന്ന് നടക്കുന്നത് ജനസംഖ്യാ വർധനവിനു വേണ്ടിയുള്ള പദ്ധതികളാണ്. മാനവവിഭവശേഷിയിലെ വർധനവിനായി റഷ്യയിൽ വ്ളാദിമർ പുടിൻ 5300 കോടി ചെലവഴിച്ചു. അമേരിക്കയിലെ 'ഫാദർ ഹുഡ് ഇനീഷ്യേറ്റീവ്' നൽകി വരുന്ന 'ഫാദർഹുഡ് അവാർഡ്' കൂടുതൽ കുട്ടികളെ രാജ്യത്തിനു സമ്മാനിക്കുന്നവർക്കുള്ള അംഗീകാരമാണ്. ആസ്ത്രേലിയ പോലുള്ള നാടുകളിൽ അനധികൃത കുടിയേറ്റക്കാർക്കു പോലും പൗരത്വം നൽകി വരുന്നു. ഈയിടെ മുനമ്പം ഹാർബർ വഴിയുള്ള മനുഷ്യക്കടത്ത് വളരെയധികം വാർത്തയായതാണല്ലോ. സിംഗപ്പൂർ എന്ന കൊച്ചു രാഷ്ട്രത്തിന്റെ ഇന്നു കാണുന്ന വികസനത്തിനു കാരണവും ജനസംഖ്യയിലെ വർധനവാണ്.

എന്നാൽ സാമ്രാജ്യത്വത്തിന്റെ പാദസേവകരായ മാധ്യമങ്ങളും എൻ.ജി.ഒകളും നിയന്ത്രിക്കുന്ന; മസ്തിഷ്ക പ്രക്ഷാളത്തിനു വിധേയരായ നാം ഇന്ന് കുടുംബാസൂത്രണ പദ്ധതികൾ എന്ന ഓമനപ്പേരിലുള്ള വന്ധ്യംകരണ പരിപാടികളുമായി മുന്നോട്ടു പോവുകയാണ്. 2018ൽ യു.എൻ പുറത്തുവിട്ട കണക്കു പ്രകാരം ചൈനക്ക് തൊട്ടു പിന്നിൽ 136.2 കോടി ജനസംഖ്യയുമായി രണ്ടാമതാണ് നമ്മുടെ രാജ്യം. നമ്മുടെ ഏറ്റവും വലിയ കരുത്ത് മാനവവിഭവശേഷിയാണ്. ജനനനിരക്ക് നിയന്ത്രിക്കാനായി ഗർഭനിരോധന ഉപാധികളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ 'നാം ഒന്ന്, നമുക്കൊന്ന്' എന്ന നിലപാടിൽ നിന്ന് 'നാം ഒന്ന്, നമുക്ക് എന്തിന്?' എന്ന അവസ്ഥയിലേക്ക് അധഃപതിക്കുകയാണ് നമ്മുടെ സമൂഹം. മാനവവിഭവശേഷിയെ ക്രിയാത്മകവും സൃഷ്ടിപരവുമായി ഉപയോഗിക്കുന്നതിനു പകരം നാം നമ്മുടെ പതനത്തിനുള്ള വഴിയൊരുക്കുകയാണ്.

ഒരു സത്യവിശ്വാസിക്ക് മുതലാളിത്ത തമ്പുരാക്കന്മാരുടെ പേടിപ്പെടുത്തലിനു മുന്നിൽ ഇതികർത്തവ്യതാമൂഢനായി ഇരിക്കേണ്ട ആവശ്യമില്ല. ഭൂമിയെയും മനുഷ്യനെയും സൃഷ്ടിച്ച ജഗന്നിയന്താവിന്റെ വാക്കുകളാണ് അവന്റെ ഊർജം.

"ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റെടുത്തതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥാനവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്" (ക്വുർആൻ 11:6).

സൂക്ഷ്മ പ്രപഞ്ചത്തെയും സ്ഥൂല പ്രപഞ്ചത്തെയും സംവിധാനിച്ച സ്രഷ്ടാവിന്റെ വാഗ്ദാനങ്ങളെ അവഗണിച്ചു ജീവിച്ച ഭൗതികതയുടെ ഉപാസകന്മാർ ഇന്ന് തങ്ങളുടെ അപചയത്തെ ഓർത്ത് വിലപിക്കുകയാണ്.

'ദാരിദ്ര്യ ഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു" (ക്വുർആൻ 17:31).

മനുഷ്യന്റെ ഉപജീവനത്തിന്റെ ബാധ്യത സ്രഷ്ടാവ് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ പിന്നെ നാം എന്തിന് ആശങ്കപ്പെടണം? മൂന്നാംലോക രാജ്യങ്ങളുടെ മേലുള്ള തങ്ങളുടെ മേൽക്കോയ്മ നഷ്ടപ്പെടാതിരിക്കാൻ സാമ്രാജ്യത്വ ശക്തികൾ പടച്ചുവിടുന്ന ഇത്തരം തന്ത്രങ്ങളിൽ വഞ്ചിതരാകാതിരിക്കുക.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും: 7**



# ക്വുർആനിക നവോത്ഥാനം സാധ്യമാക്കാൻ ഹമദാനി തങ്ങളുടെ സർവകലാശാലകളും സംഘടനകളും

മലയാള ഭാഷയിൽ ക്വുർആൻ പരിഭാഷകൾ പ്രസിദ്ധീകരിക്കപ്പെടാൻ വൈകിയതിന്റെ കാരണങ്ങൾ വിശകലനം ചെയ്യവെ, മുസ്‌ലിം സമുദായത്തിന്റെ ദുഃസ്ഥിതി മാറ്റാൻ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജിയും സയ്യിദ് ഥനാഉല്ലാ മക്ദി തങ്ങളും കണ്ടെത്തിയ പരിഹാരം മതപഠന മേഖലകളുടെ സമഗ്ര പരിഷ്‌കരണമായിരുന്നു എന്നും അതിന് നേരെ പോലും പുരോഹിത-പ്രമാണി കൂട്ടുകെട്ടിന്റെ സമ്മർദങ്ങൾക്ക് വഴങ്ങി സമുദായം പുറംതിരിഞ്ഞുനിന്നിരുന്നുവെന്നും മുൻലക്കങ്ങളിൽ സലക്ഷ്യം വ്യക്തമാക്കിക്കഴിഞ്ഞുവല്ലോ.

**ഹമദാനി തങ്ങളുടെ സ്ഥലകാലങ്ങൾ**

ഈ സമുദായം ഹമദാനി തങ്ങളുടെ കാലത്ത് വ്യാപകമായി അനുഭവിച്ചിരുന്ന മറ്റൊരു ദുരന്തം മതത്തിന്റെ വ്യാജവിലാസമണിഞ്ഞ ത്വരീഖത്തുകളായിരുന്നു. സമുദായത്തിന്റെ ബുദ്ധിസ്വത്ത് വ്യാജ ശൈഖുമാർ നയിക്കുന്ന അസംഖ്യം ത്വരീഖത്തുകൾക്ക് പണയപ്പെട്ടുപോയിരുന്നു.

ത്വരീഖത്തിന്റെ പേരിൽ നടമാടിയിരുന്ന ദുർന്നടപ്പുകളെയും അന്തഃഛിദ്രങ്ങളെയും വിദ്യാവിഹീനതയുടെ മഹാദുരന്തങ്ങളെയും ചെറുക്കാൻ, സംഘടനകളെയും സമന്വയ വിദ്യാശാലകളെയും നിയമനിർമാണ സഭകളെയും ഒരുപോലെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ദീർഘദർശിയായ ആ അസാമാന്യ പണ്ഡിത തേജസ്സ് നവോത്ഥാനരംഗം കയ്യടക്കിയത്.

ചാലിലകത്തും മക്ദി തങ്ങളും നടത്തിയിരുന്ന വ്യക്തിഗത നവോത്ഥാന പരിശ്രമങ്ങൾ സാധിച്ചെടുക്കുന്നതിന് ആശയ വ്യക്തതയുള്ള കൂട്ടായ്മകൾ അനിവാര്യമായിരുന്നു. സമുദായാംഗങ്ങളെ ആകർഷിക്കുംവിധമുള്ള ബഹുമുഖ സ്വഭാവ സവിശേഷതകൾ സ്വാംശീകരിച്ച കൂട്ടായ്മകൾ രൂപീകരിച്ചുകൊണ്ടാണ് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ സമഗ്രമായ സമുദായ സമുദ്ധാരണത്തിനായി പരിശ്രമിച്ചത്. അവ സമകാലിക സമൂഹത്തിൽ വീണ്ടും വർധിതവീര്യത്തോടെ ചർച്ച ചെയ്യപ്പെടേണ്ട സവിശേഷ സാഹചര്യം സംജാതമായതിനാൽ അവയെ അടുത്തറിയാൻ ശ്രമിക്കാം.

പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ മുസ്‌ലിം പണ്ഡിതന്മാരുടെ ആവാസകേന്ദ്രമായിരുന്ന അരൂക്കുറ്റിക്കടുത്ത വടുതലയിലെ ഒരു എളിയ കുടുംബത്തിലായിരുന്നു ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളുടെ ജനനം. 'ശൈഖ് മാഹിന്റെ വംശപരമ്പര അറേബ്യയോളം ചെന്നെത്തുന്നു.'(1) സയ്യിദല്ലെങ്കിലും പിന്നീട് ഹമദാനി തങ്ങൾ എന്നാണ് അറിയപ്പെട്ടത്. ഹമദാനി ത്വരീഖത്തിന്റെ ആൾ എന്ന നിലയിലായിരുന്നു ആ നാമകരണം.

ഏകദേശം 450 വർഷങ്ങൾക്ക് മുമ്പ് മാനംകുറിച്ചി കുടുംബം വടുതലയുടെ കിഴക്ക് ഭാഗത്ത് കാട്ടുപുറം പള്ളി സ്ഥാപിച്ചത് മുതലാണ് വടുതലയുടെ മുസ്‌ലിം ചരിത്രം ലിഖിതരൂപം പ്രാപിക്കുന്നത്. പിന്നീട് ജുമുഅത്ത് പള്ളിയായി പുനർനിർമിച്ചതും ഖബ്ർസ്ഥാനു വേണ്ടി സ്ഥലം വക്ഫ് ചെയ്തതും കണ്ണന്തറ കുടുംബമാണ്. പള്ളിയുടെ ഭിത്തിയിൽ അതിന്റെ ചരിത്ര രേഖകൾ ഇന്നും മായാതെ അവശേഷിക്കുന്നു. പ്രസിദ്ധ പണ്ഡിതനായിരുന്ന കീളക്കര മാപ്പിള ലബ്ബ ആലിം സാഹിബായിരുന്നു പ്രഥമ ഖത്വീബ്.

വടുതലയുടെ പടിഞ്ഞാറ് ഭാഗത്ത് കൈതപ്പുഴ കായലിനോട് ചേർന്ന ഭാഗം ഒരു ഹൈന്ദവ കുടുംബം മസ്ജിദിനു സൗജന്യമായി നൽകി. ആദ്യം സ്ഥാപിതമായ രണ്ട് പള്ളികളുടെ പേര് ചേർത്താണ് 'കോട്ടൂർ കാട്ടുപുറം പള്ളി ജമാഅത്ത്' എന്ന് വടുതല മഹല്ല് ജമാഅത്തിന് പേരുവെച്ചത്. ഇരു പള്ളികളും ആരാധനാ കേന്ദ്രം എന്നതിനപ്പുറം മധ്യ-ദക്ഷിണ കേരളത്തിലെ പണ്ഡിതർ വളർന്നുവന്ന വൈജ്ഞാനിക കേന്ദ്രങ്ങളായിരുന്നു.

**മുസ്‌ലിം സമുദായം അറിവില്ലായ്മയുടെ വില്ലണിഞ്ഞ് മാറ്റത്തിന്റെ പ്രയോക്താക്കളെ വേട്ടയാടുകയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മാറാപ്പുകെട്ടുകൾ പേറി പൊതുസമൂഹത്തിൽ ദുർഗന്ധം വമിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കെട്ടകാലം. വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഈ ദുർഗതിയിൽ നിന്നും സമുദായത്തെ മോചിപ്പിക്കാൻ കഴിയൂ എന്ന് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ മനസ്സിലാക്കി. അതിന്നുള്ള ശ്രമങ്ങളായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ ഓരോ ചുവടുകളും.**

### പഠനാനന്തരം പരിഷ്‌കരണ ദൗത്യവുമായി...

മുഹമ്മദ് മാഹിൻ പ്രാഥമിക മത വിദ്യാഭ്യാസം നാട്ടിലെ മഹാപണ്ഡിതരിൽ നിന്ന് നേടി. പിന്നീട് കൊടുങ്ങല്ലൂർ പള്ളിദർസിൽ പഠിച്ചു. തമിഴ്‌നാട്ടിലെ വെല്ലൂർ ലത്വീഫിയ്യാ കോളേജിലായിരുന്നു ഉപരിപഠനം. അവിടെവെച്ച് അറബിഭാഷക്ക് പുറമെ തമിഴ്, പേർഷ്യൻ, ഉർദു ഭാഷകളും പഠിച്ചു. മലയാളം, ഇംഗ്ലീഷ് ഭാഷകളിലും അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. ബിരുദം നേടി വെല്ലൂരിൽ നിന്നെത്തിയ അദ്ദേഹം വൈക്കത്തും തലയോലപ്പറമ്പിലും താമസിച്ച് സമുദായത്തെ ബോധവൽക്കരിക്കുന്നതിന് സമയം കണ്ടെത്തി.

മുസ്‌ലിം സമുദായം അറിവില്ലായ്മയുടെ വില്ലണിഞ്ഞ് മാറ്റത്തിന്റെ പ്രയോക്താക്കളെ വേട്ടയാടുകയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മാറാപ്പുകെട്ടുകൾ പേറി പൊതുസമൂഹത്തിൽ ദുർഗന്ധം വമിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കെട്ടകാലമായിരുന്നു അത്. വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഈ ദുർഗതിയിൽ നിന്നും സമുദായത്തെ മോചിപ്പിക്കാൻ കഴിയൂ എന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്നുള്ള ശ്രമങ്ങളായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ ഓരോ ചുവടുകളും.

### മാറ്റത്തിന്റെ കുഴലൂത്തുമായി ഹമദാനിയുടെ എഴുത്തുകൾ

നല്ലൊരു എഴുത്തുകാരനും പത്രപ്രവർത്തകനുമായിരുന്ന അദ്ദേഹം വക്കം മൗലവിയുടെ 'സ്വദേശാഭിമാനി'(2)

'മുസ്‌ലിം',[3] ആലപ്പുഴ സുലൈമാൻ മൗലവിയുടെ 'മണിവിളക്ക്'[4] എന്നീ പത്രമാസികകളിൽ ലേഖനങ്ങൾ എഴുതി. മട്ടാഞ്ചേരി മഹ്ദറ പള്ളി കേന്ദ്രമാക്കി മലയാളത്തിലും അറബി മലയാളത്തിലും സമുദായോദ്ധാരണത്തിന് സഹായകമാകുന്ന വിവിധ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇതിനെപ്പറ്റി വന്ന അക്കാലത്തെ ഒരു പത്രപ്പരസ്യം ശ്രദ്ധേയമാണ്:

"തഫ്‌സീർ,[5] ഫിക്വ്ഹ്,[6] സീറ,[7] താരീഖ്[8] മുതലായ കിതാബുകളെ അറബി ഭാഷയിൽ നിന്നു മലയാള ഭാഷയിൽ തെറ്റുകൂടാതെ തർജമ ചെയ്യാനും അറബിമലയാളം എഴുതാനും അറിയുന്ന ഒരാളെ ആവശ്യമുണ്ട്. തൽക്കാലം മാസത്തിൽ പത്തുറുപ്പികയും യോഗ്യത പോലെ അയിമ്പതുറുപ്പിക വരെയും കൂട്ടിക്കൊടുക്കുന്നതാകുന്നു. ഇഷ്ടമുള്ളവർ കൊച്ചി മട്ടാഞ്ചേരി മഹ്ദറയിൽ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി എന്നവർക്ക് എഴുതി അയച്ചാൽ മതിയാകുന്നതാകുന്നു. എന്ന്, മേപ്പടി മഹ്ദർ മുതവല്ലി ബാബുസേട്ട്.''[9]

'മുഅ്ജമുൽ മുഫ്‌റദാത്ത്' എന്ന പേരിൽ അദ്ദേഹവും തന്റെ ശിഷ്യൻ സയ്യിദ് മുഹമ്മദ് തങ്ങളും കൂടി ഒരു ത്രിഭാഷാ നിഘണ്ടു തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അറബി, മലയാളം, സംസ്‌കൃതം എന്നീ ഭാഷാപദങ്ങൾക്ക് അർഥം നൽകിക്കൊണ്ടുള്ളതായിരുന്നു ഈ അമൂല്യകൃതി. 'അൽകശ്ശാഫ്'എന്ന ശീർഷകത്തിൽ പിന്നീട് അതിന്റെ സംഗ്രഹം കൊച്ചിയിൽ നിന്നും പ്രസിദ്ധപ്പെടുത്തി. മക്ദി തങ്ങൾ നേരത്തെ എഴുതിയ തൽസംബന്ധമായ രചനകളാണ് അദ്ദേഹത്തിന് പ്രചോദനമേകിയത്.

സത്യമതപ്രചാരണത്തിനായി 'ഇൽഫത്തുൽ ഇസ്‌ലാം' എന്ന പേരിൽ തങ്ങൾ അറബി മലയാളത്തിൽ ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു. സമുദായത്തിനിടയിൽ ഐക്യം വളരണമെന്നും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽ നിന്നും സമുദായം സ്വയം രക്ഷനേടണമെന്നുമുള്ള ആഹ്വാനമായിരുന്നു ഈ ഗ്രന്ഥത്തിന്റെ കാതൽ. ഈ ഗ്രന്ഥം കേരള മുസ്‌ലിം നവോത്ഥാനത്തിന് വലിയ തോതിൽ ഇന്ധനം നിറച്ചു എന്നതിൽ സംശയമില്ല. ഒട്ടുമിക്ക നവോത്ഥാന സംഘടനകളെയും അമരത്തിരുന്ന് നയിച്ച ഇ.കെ.മൗലവി അക്കാര്യം വ്യക്തമാക്കുന്നത് കാണുക:

"മുസ്‌ലിംകളുടെ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നത് അനൈക്യവും അന്തഃഛിദ്രവുമാണെന്നായിരുന്നു ഹമദാനി തങ്ങളുടെ അഭിപ്രായം. അതുകൊണ്ട് അവർക്കിടയിൽ ഐക്യവും രഞ്ജിപ്പുമുണ്ടാക്കാൻ അദ്ദേഹം അനവരതം യത്‌നിച്ചു. അദ്ദേഹം അറബിമലയാളത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്ത 'ഇൽഫത്തുൽ ഇസ്‌ലാം' എന്ന പുസ്തകം 1919ൽ ഞാൻ കൊടുങ്ങല്ലൂരിൽ വെച്ച് കാണുകയുണ്ടായി. ആ കൃതി എന്നെ വല്ലാതെ ആകർഷിച്ചു. ഹമദാനി തങ്ങളോടു എനിക്കുള്ള മതിപ്പ് തന്മൂലം വർധിച്ചു. പിൽക്കാലത്തെ എന്റെ പ്രവർത്തനങ്ങൾക്ക് വഴിതെളിയിച്ചത് ഈ കൃതിയാണ്.(അതെങ്ങനെയോ കൈമോശം വന്നു പോയി."[10]



**ക്വുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുന്നവർക്കായി 'ഹമദാനി ത്വരീക്വത്ത്' എന്ന ഒരു ജീവിതസരണിയും അദ്ദേഹം പ്രചരിപ്പിക്കുകയുണ്ടായി. ത്വരീക്വത്ത് എന്നതിനപ്പുറത്ത് മതത്തെ മനസ്സിലാക്കാൻ കഴിയാത്തവിധം മാരണാവസ്ഥയിലായിരുന്നു അന്നത്തെ മതവാദികൾ. 'മലയാളത്തിലെ ശൈഖന്മാരും ഇസ്‌ലാം സമുദായവും' എന്ന 'അൽ ഇസ്‌ലാം' മാസികയിലെ ലേഖനത്തിൽ ഹമദാനി തങ്ങളുടെ ശിഷ്യനും പരിഷ്‌കർത്താവുമായിരുന്ന ഇ.മൊയ്തു മൗലവി അന്നത്തെ ത്വരീക്വത്ത് ശൈഖുമാരുടെ അവസ്ഥ തെര്യപ്പെടുത്തുന്നുണ്ട്.**

## സമൂഹ സമുദ്ധാരണത്തിനായി സമാജങ്ങൾ

തിരുവിതാംകൂറിലെ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്ക് പരിഹാരം തേടാനും വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ മാർഗങ്ങളെക്കുറിച്ച് ചിന്തിക്കാനും ഹമദാനി തങ്ങൾ സർ സയ്യിദിന്റെ 'ആൾ ഇന്ത്യ മുസ്‌ലിം എജ്യുക്കേഷണൽ കോൺഫറൻസി'ന്റെ മാതൃകയിൽ 'മുസ്‌ലിം കോൺഫറൻസ്' എന്ന പേരിൽ ഒരു വിദ്യാഭ്യാസ സംഘടന രൂപീകരിക്കുകയുണ്ടായി. അലിഗർ സർവകലാശാലയുടെ ശിൽപിയായ സർ സയ്യിദ് അഹ്മദ് ഖാൻ, മൗലാനാ അൽത്താഫ് ഹുസൈൻ ഹാലി[11] തുടങ്ങിയ സമുദായ പരിഷ്‌കർത്താക്കളിൽ നിന്നും ആവേശം നുകർന്നായിരുന്നു ഇത്തരമൊരു സംരംഭം.

കേരള മുസ്‌ലിം കോൺഫറൻസിന്റെ പ്രസക്തിയെക്കുറിച്ച് അദ്ദേഹം എഴുതിയത് കാണുക: "ഇക്കാലത്ത് നമുക്ക് അഭിവൃദ്ധിയോ ക്ഷേമൈശ്വര്യസമ്പത്തുകളോ ഉന്നത പദവിയോ ഉണ്ടാവണമെങ്കിൽ 'ദീനുൽ ഇസ്‌ലാം' എന്ന വൃക്ഷത്തിന്റെ ഫലങ്ങളായ രജ്ഞനയും സഹോദരത്വവും ഐകമത്യവും നമ്മിൽ ഉത്ഭവിക്കണം. അവ ഉത്ഭവിക്കണമെങ്കിൽ കാലാനുസരണമായ വിദ്യാഭ്യാസം നമുക്ക് ലഭിക്കണം. വിദ്യാഭ്യാസം നമ്മുടെയിടയിൽ പ്രചാരമാവണമെങ്കിൽ അധികമായ ധനം ചിലവഴിക്കണം. വേണ്ടുന്നിടത്താളം ധനവ്യയം ചെയ്യണമെങ്കിൽ സമുദായ സ്വത്ത് അഥവാ നേഷനൽ ഫണ്ട് ഏർപ്പെടുത്തണം. ന്യായമായ വിധത്തിൽ സമുദായസ്വത്ത് ഏർപ്പാടാകണമെങ്കിൽ ദീനുൽ ഇസ്‌ലാമിന്റെ സർവ വിഷയങ്ങളയും അറിഞ്ഞുപദേശിക്കുന്നവരായ ചില ഉലമാക്കൾ ഉൾപ്പെട്ട ഒരു സംഘം ഉണ്ടാക്കണം."[12]

## സ്ത്രീ സമുദ്ധാരണത്തിന്റെ സ്ഥാപകൻ

സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് അദ്ദേഹം മുസ്‌ലിം സമുദായത്തെ ബോധവൽക്കരിക്കാൻ ശ്രമിച്ചു. ഇന്നും പ്രസക്തമായ അദ്ദേഹത്തിന്റെ വാക്കുകൾ വായിക്കുക:

"നമ്മുടെ സ്ത്രീകളെ അന്ധകാരത്തിൽ സൂക്ഷിക്കുന്ന കാലത്തോളം നമുക്ക് പുരോഗതി സാധ്യമല്ല. വിജ്ഞാനം കരഗതമാക്കൽ ഓരോ മുസ്‌ലിം സ്ത്രീ പുരുഷന്റെയും ബാധ്യതയാണെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ സ്ത്രീകൾക്ക് മതവിദ്യാഭ്യാസം നൽകണം. പുറമെ ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ അസ്തിത്വത്തിനാവശ്യമായ വിഷയങ്ങളും അവരെ പഠിപ്പിക്കേണ്ടതുണ്ട്."[13]

മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിൽ തിരുവിതാംകൂർ മുമ്പിൽ നിൽക്കാനുള്ള കാരണം ഹമദാനിയുടെ ശ്രമദാനങ്ങളാണ്. സ്ത്രീ വിദ്യാഭ്യാസത്തിൽ കൊടുങ്ങല്ലൂർ, ഏറിയാട് പ്രദേശങ്ങളിലെ മുസ്‌ലിംകൾ താരതമ്യേന മെച്ചപ്പെടാൻ കാരണം ഹമദാനി തങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച 'ലജ്നത്തുൽ ഹമദാനിയ്യ'യും 'ലജ്നത്തുൽ ഇസ്‌ലാം സഭ'യും മറ്റും ആയിരുന്നുവല്ലോ.

**എ.ഡി.1389 മുതൽ ഉസ്മാനിയാ സാമ്രാജ്യത്തിന്റെ ഭാഗമായ ദാന്യൂബ് നദിവരെയുള്ള ബാൾക്കൻ പ്രദേശങ്ങളിൽ ഉസ്മാനിയാ സാമ്രാജ്യത്തിന്റെ ദൗർബല്യം മുതലെടുത്ത് റഷ്യ ആധിപത്യം നേടുമോ എന്ന് ഭയന്ന ബ്രിട്ടൻ; പ്രഷ്യ, ഹോളണ്ട് എന്നീ രാജ്യങ്ങളുമായി സഖ്യമുണ്ടാക്കി. ഇതിന്റെ തുടർച്ചയായാണ് ബാൾക്കനിൽ പ്രതിസന്ധി ഉടലെടുക്കുന്നത്. ബാൾക്കൻ പ്രദേശങ്ങളെ ഉപജീവിച്ചുകൊണ്ടുള്ള റഷ്യയുടെയും ജർമനിയുടെയും താൽപര്യങ്ങൾ തമ്മിലുള്ള സംഘർഷം ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളിലൊന്നായി മാറി.**

## സത്യസാക്ഷ്യത്തിനൊരു സൽസരണി

പിൽക്കാലത്ത് അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം കൊച്ചിയായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി അവിടെ മട്ടാഞ്ചേരി പുതിയ റോഡിൽ മഹ്ദറ പള്ളി സ്ഥാപിച്ചു.[14] അദ്ദേഹത്തിന്റെ കൊച്ചിയിലെ സമുദായ നവോത്ഥാന സംരംഭങ്ങൾക്ക് സർവവിധ സഹായ സഹകരണവും സമ്മാനിച്ചിരുന്നത് സുസമ്മതനും സമുദായസ്നേഹിയും അക്കാലത്തെ കൊച്ചിയിലെ വലിയ ധനാഢ്യനും ആയിരുന്ന അബ്ദുർറഹീം ബാബു സേട്ട് സ്വാഹിബായിരുന്നു.

ക്വുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുന്നവർക്കായി 'ഹമദാനി ത്വരീക്വത്ത്' എന്ന ഒരു ജീവിതസരണിയും അദ്ദേഹം പ്രചരിപ്പിക്കുകയുണ്ടായി. ത്വരീക്വത്ത് എന്നതിനപ്പുറത്ത് മതത്തെ മനസ്സിലാക്കാൻ കഴിയാത്തവിധം മാരണാവസ്ഥയിലായിരുന്നു അന്നത്തെ മതവാദികൾ. 'മലയാളത്തിലെ ശൈഖന്മാരും ഇസ്‌ലാം സമുദായവും' എന്ന 'അൽ ഇസ്‌ലാം' മാസികയിലെ ലേഖനത്തിൽ ഹമദാനി തങ്ങളുടെ ശിഷ്യനും പരിഷ്‌കർത്താവുമായിരുന്ന ഇ.മൊയ്തു മൗലവി അന്നത്തെ ത്വരീക്വത്ത് ശൈഖുമാരുടെ അവസ്ഥ തെര്യപ്പെടുത്തുന്നുണ്ട്:

'അന്യന്മാരുടെ പ്രവൃത്തിമൂലം മാത്രം കഴിച്ചുകൂട്ടണമെന്നുള്ള ദുർമോഹം നിമിത്തം ഒരുങ്ങിപ്പുറപ്പെട്ടിട്ടുള്ള ഒരുതരം ശൈഖന്മാരാൽ ക്ഷീണിച്ചുകിടക്കുന്ന ഇസ്‌ലാം സമുദായത്തിൽ പിടിപെട്ടിട്ടു

ള്ള അനാചാരങ്ങൾക്കും കുഴപ്പങ്ങൾക്കും കണക്കില്ല. കൊടികയറ്റി മതവിരുദ്ധമായ സകല ആഡംബരങ്ങളോടുകൂടി നേർച്ച കഴിച്ച് പണം സമ്പാദിക്കുന്നവരായ ശൈഖന്മാരും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. കൊല്ലംതോറും മുരീദന്മാരിൽനിന്നും പാട്ടം വങ്ങുന്നവരും കുറവല്ല. ജനങ്ങളെ അലസന്മാരാക്കുകയും തങ്ങളിലേക്ക് ആകർഷിപ്പിക്കുകയും ചെയ്യേണ്ടതിനുള്ള പല യുക്തിയും ഇവർക്കറിയാം. മതഭക്തിയോ സമുദായസ്നേഹമോ ഉള്ള ഒരൊറ്റ ശൈഖും ഇല്ലെന്നു പറയുന്നതിൽ തീരെ അബദ്ധമില്ല."[15]

മേൽവിവരിച്ച വിധമുള്ള വ്യാജത്വരീകത്തുകളുടെ അതിപ്രസരവും കള്ള ശൈഖുമാരുടെ കടന്നുകയറ്റവും ഒരു പരിധിവരെ ചെറുക്കാനും ഹരിപ്പാട്, ആലപ്പുഴ, ആലുവ, കൊച്ചി, കൊടുങ്ങല്ലൂർ, ചിറയിൻകീഴ് മുതലായ പ്രദേശങ്ങളിൽ നവോത്ഥാന ചിന്ത ശക്തിപ്പെടാനും 'ഹമദാനീ സൽസരണി' ഏറെ സഹായകമായി. പൗരോഹിത്യം പ്രചരിപ്പിക്കുന്ന വ്യക്തിപൂജാ ത്വരീകത്തുകളെ വിമർശിക്കുകയും സത്യത്തിലേക്ക് ജനങ്ങളെ വിളിക്കുകയുമായിരുന്നു ഈ ത്വരീകത്ത് രൂപീകരണത്തിലൂടെ അദ്ദേഹം ലക്ഷ്യം വെച്ചത്.

അദ്ദേഹം വികസിപ്പിച്ചെടുത്ത ത്വരീകത്തിന്റെ പ്രവർത്തന രീതി വിശകലനം ചെയ്യാതെ പോകുന്നത് അദ്ദേഹത്തോട് ചെയ്യുന്ന അപരാധമാകും എന്നതിനാൽ ചരിത്രകാരന്മാരുടെ വാക്കുകൾ തന്നെ ഇവിടെ ചേർത്തുവെക്കാം:

"ത്വരീകത്തിന്റെ പേരിൽ യഥാർഥത്തിൽ ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിക്കാനാണ് അദ്ദേഹം പ്രേരിപ്പിച്ചിരുന്നത്."[16]

ഇ.കെ.മൗലവിയും ഹമദാനീ ത്വരീകത്തിനെ പഠനവിധേയമാക്കിയിട്ടുണ്ട്. അത് ഇങ്ങനെ വായിക്കാം:

"ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുക എന്നതായിരുന്നു ഹമദാനി തങ്ങളുടെ ലക്ഷ്യം. ഇവിടെ ഒരു സംശയത്തിന് അവകാശമുണ്ട്. എതെങ്കിലുമൊരു ത്വരീകത്തിൽ നിലകൊള്ളണമെന്ന് ക്വുർആനോ സുന്നത്തോ ആജ്ഞാപിച്ചിട്ടുണ്ടോ? പിന്നെയെങ്ങനെ തങ്ങൾ ത്വരീകത്തിന്റെ ശൈഖായിത്തീർന്നു? ഇതേ ചോദ്യം ഒരിക്കൽ സീതി സാഹിബിന്റെ പിതാവ് അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. അതിന് അദ്ദേഹം നൽകിയ മറുപടിയുടെ ചുരുക്കമിതാണ്:

'ഏതെങ്കിലുമൊരു ത്വരീകത്തിൽ ചേരണമെന്നോ ഒരു ശൈഖിന്റെ കൈ[17] തുടരണമെന്നോ ക്വുർആനിലോ സുന്നത്തിലോ ഇല്ല. പക്ഷേ, ഇന്നത്തെ ജനങ്ങളുടെ ഇടയിൽ ഐക്യവും സംഘടനാ ബോധവുമുണ്ടാക്കണമെങ്കിൽ ഒരു ത്വരീകത്തിന്റെ പേർ പറഞ്ഞേ പറ്റൂ. ഹമദാനീ ത്വരീകത്തിലാകട്ടെ, ക്വുർആനിനും സുന്നത്തിനുമെതിരായി ഒന്നുമില്ല. ആ സംഘടനയിലേക്ക് വന്നുകഴിഞ്ഞാൽ ക്വുർആനിലേക്കും സുന്നത്തിലേക്കും ആകൃഷ്ടരാക്കാൻ നിഷ്പ്രയാസം കഴിയും.'

വക്കാണവും കക്ഷിവഴക്കുമുള്ളേളടത്തൊക്കെ ഹമദാനി തങ്ങൾ ഓടിയെത്താറ് പതിവാണ്. അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞുതീർത്ത്, സലാം പരസ്പരം കൊടുപ്പിച്ചശേഷം ദീനിനെ[18] മുറുകെപ്പിടിച്ച് ജീവിക്കാൻ അദ്ദേഹം ജനങ്ങളെ ഉപദേശിക്കും. ഇത്രയും കൊണ്ട് അദ്ദേഹം മതിയാക്കാറില്ല. ജമാഅത്തായി[19] നമസ്കരിക്കാൻ എല്ലാവരും പള്ളിയിൽ സമ്മേളിക്കണമെന്ന് അവരോട് കൽപിക്കും. ശൈഖിന്റെ ഉപദേശമെന്ന നിലക്ക് അവരതു ചെയ്യുകയും ചെയ്യും. ഈ ക്രമത്തിൽ മരണം വരെ ദീനിനും സമുദായത്തിനും വേണ്ടി അദ്ദേഹം സേവനമനുഷ്ഠിച്ചു. അതിനുള്ള മതിയായ പ്രതിഫലം അല്ലാഹു അദ്ദേഹത്തിന് നൽകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം."[20]

## മലയാളി മുസ്‌ലിം
## മാലോക മുസ്‌ലിമിന്റെ ചാർച്ചക്കാരൻ

എ.ഡി.1389 മുതൽ ഉസ്മാനിയാ സാമ്രാജ്യത്തിന്റെ ഭാഗമായ ദാന്യൂബ് നദിവരെയുള്ള ബാൾക്കൻ[21] പ്രദേശങ്ങളിൽ ഉസ്മാനിയാ സാമ്രാജ്യത്തിന്റെ ദൗർബല്യം മുതലെടുത്ത് റഷ്യ ആധിപത്യം നേടുമോ എന്ന് ഭയന്ന ബ്രിട്ടൻ; പ്രഷ്യ, ഹോളണ്ട് എന്നീ രാജ്യങ്ങളുമായി സഖ്യമുണ്ടാക്കി. ഇതിന്റെ തുടർച്ചയായാണ് ബാൾക്കനിൽ പ്രതിസന്ധി ഉടലെടുക്കുന്നത്. ബാൾക്കൻ പ്രദേശങ്ങളെ ഉപജീവിച്ചുകൊണ്ടുള്ള റഷ്യയുടെയും ജർമനിയുടെയും താൽപര്യങ്ങൾ തമ്മിലുള്ള സംഘർഷം ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളിലൊന്നായി മാറി. 1912-13 കാലത്തെ

**ബാൾക്കൻ യുദ്ധ സമയത്ത് ഇന്ത്യൻ മുസ്‌ലിം രാഷ്ട്രീയത്തിന്റെ അനുഭാവം ലോക മുസ്‌ലിംകളോടൊപ്പം തുർക്കി സുൽത്താനോടായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോഡ് ജോർജ് തങ്ങൾ തുർക്കി കീഴടക്കിയാൽ മുസ്‌ലിം വികാരത്തെ മാനിച്ച് സുൽത്താന്റെ അധികാര സ്ഥാനങ്ങൾ വെട്ടിക്കുറക്കുകയില്ല എന്ന് ഉറപ്പ് നൽകിയത് ഇന്ത്യൻ മുസ്‌ലിംകളുടെ ഭീഷണി അടക്കി നിർത്താനും അവരുടെ സഹായം ലഭ്യമാകാനും വേണ്ടിയായിരുന്നു.**

ബാൾക്കൻ യുദ്ധങ്ങൾ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിലും വലിയ കോളിളക്കം സൃഷ്ടിച്ചു. ഇന്ത്യൻ മുസ്‌ലിം രാഷ്ട്രീയത്തിന്റെ അനുഭാവം സ്വഭാവികമായും ലോക മുസ്‌ലിംകളോടൊപ്പം തുർക്കി സുൽത്താനോടായിരുന്നു. ഇന്ത്യൻ മുസ്‌ലിംകൾ ഒട്ടോമൻ സുൽത്താന് നൽകിപ്പോരുന്ന സവിശേഷ പരിഗണന ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഭീതിപ്പെടുത്തുന്നതായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോഡ് ജോർജ് തങ്ങൾ തുർക്കി കീഴടക്കിയാൽ മുസ്‌ലിം വികാരത്തെ മാനിച്ച് സുൽത്താന്റെ അധികാര സ്ഥാനങ്ങൾ വെട്ടിക്കുറക്കുകയില്ല എന്ന് ഉറപ്പ് നൽകിയത് ഇന്ത്യൻ മുസ്‌ലിംകളുടെ ഭീഷണി അടക്കി നിർത്താനും അവരുടെ സഹായം ലഭ്യമാകാനും വേണ്ടിയായിരുന്നു. എന്നാൽ തുർക്കിയടക്കമുള്ള സഖ്യശക്തികളുടെ പതനത്തിനുശേഷം ഖലീഫയുടെ അധികാരങ്ങൾക്ക് കൂച്ചുവിലങ്ങിടുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി സെക്യുലർ ഭരണ വ്യവസ്ഥ അടിച്ചേൽപിക്കുകയുമാണ് ബ്രിട്ടൻ ചെയ്തത്. ബ്രിട്ടീഷ് പ്രധാനമന്ത്രി മുസ്‌ലിംകൾക്ക് നൽകിയ വാഗ്ദാനം അട്ടിമറിക്കപ്പെട്ടപ്പോൾ ഇന്ത്യൻ മുസ്‌ലിംകളുടെ അകതാരിൽ കെട്ടടങ്ങിയിരുന്ന ഖിലാഫത്ത് വികാരം വീണ്ടും നീറിപ്പുകയാൻ തുടങ്ങി. സാഹചര്യത്തിന്റെ പ്രസക്തി തിരിച്ചറിഞ്ഞ ഗാന്ധിജിയും ദേശീയ പ്രസ്ഥാനവും ഖിലാഫത്ത് സമരത്തെ പിന്തുണക്കുകയും അതിനെ ജനകീയവൽക്കരിക്കുകയും ചെയ്തു.

കൂടുതൽ കൂടുതൽ ഉൾവലിയൽ പ്രവണത പ്രകടിപ്പിച്ചിരുന്ന അക്കാലത്തെ കേരള മുസ്‌ലിം ജനതയെ ലോക മുസ്‌ലിം ചലനങ്ങളോട് ചേർത്തുനിർത്താൻ ആ സന്ദർഭത്തെ ഹമദാനി തങ്ങൾ ഉപയോഗിച്ചു. ബാൾക്കൻ സമരകാലത്ത് എല്ലാം നഷ്ടപ്പെട്ട തുർക്കി മുസ്‌ലിംകളെ സഹായിക്കാൻ അദ്ദേഹം ഒരു ഫണ്ട് രൂപീകരിച്ചു. **(തുടരും)**

**ആധാര സൂചിക:**

(1) പ്രബോധനം വാരിക, കേരള മുസ്‌ലിം നവോത്ഥാനചരിത്രം വിശേഷാൽ പതിപ്പ്, ഏപ്രിൽ 1998, താൾ 48.

(2) 1905 ജനുവരി 19ന് വക്കം മൗലവി അഞ്ചുതെങ്ങ് അഞ്ചലാപ്പീസിനടുത്ത് നിന്ന് ആരംഭിച്ചിരുന്ന മലയാള വൃത്താന്ത പത്രം.

(3) 1906 ജനുവരി 1 മുതൽ വക്കം മൗലവി വക്കത്തു നിന്ന് സ്വദേശാഭിമാനിയുടെ 'സഹജീവി'യായിക്കൊണ്ട് ഇറക്കിയിരുന്ന മലയാള മാസിക.

(4) പണ്ഡിതനും പത്രപ്രവർത്തകനും വക്കം മൗലവിയുടെ ഗുരുനാഥന്മാരിൽ ഒരാളുമായ സുലൈമാൻ മുസ്‌ലിയാർ സേട്ട് ഗുജറാത്തിൽ നിന്ന് കുടിയേറിപ്പാർത്ത സേട്ടു കുടുംബത്തിലെ അംഗമാണ്. 1886ൽ ആലപ്പുഴയുടെ ഹൃദയഭാഗത്ത് 'ആമിറുൽ ഇസ്‌ലാം ലിത്തോ പ്രസ്സ്' എന്ന പേരിൽ ഒരു അച്ചുകൂടം സ്ഥാപിക്കുകയും 1891 മുതൽ 'മണിവിളക്ക്' എന്നപേരിൽ പേരിൽ ഒരു അറബിമലയാളം ദ്വൈവാരിക അച്ചടിച്ച് പുറത്തിറക്കുകയും ചെയ്തു.

(5) ക്വുർആൻ വിവരണം.

(6) ഇസ്‌ലാമിക കർമാനുഷ്ഠാനങ്ങൾ.

(7) പ്രവാചക ചരിത്രം.

(8) ഇസ്‌ലാമിക ചരിത്രം.

(9) സ്വലാഹുൽ ഇഖ്‌വാൻ വൃത്താന്ത പത്രം, തിരൂർ സി. സൈദാലിക്കുട്ടി മാസ്റ്റർ, പൊന്നാനി നഗരം മഹ്കിൽ ഗറാഇബ് അച്ചുകൂടം, സഞ്ചിക 4, ലക്കം 11.

(10) കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനം 3, ഹമദാനി തങ്ങൾ, ഇ.കെ.മൗലവി, അൽമുർശിദ് മലയാള മാസിക. 1966 സെപ്റ്റംബർ, താൾ 6.

(11) പരിഷ്കർത്താവായ മഹാകവി. 'മുസദ്ദസ് മദൊ ജസറുൽ ഇസ്‌ലാം' തുടങ്ങിയ ദീർഘ കവിതകളിലൂടെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിശിതമായി വിമർശിച്ചു.

(12) വക്കം മൗലവിയുടെ മുസ്‌ലിം മാസിക. വാ: 5, ലക്കം 6,7.

(13) മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അഞ്ച് നിർദേശങ്ങൾ. 'മുസ്‌ലിം' മാസിക, വാല്യം 5, ലക്കം 67, 1916.

(14) കേരള മുസ്‌ലിം ഡയരക്ടറി; ചരിത്രം, സ്ഥിതി വിവര കണക്ക്, മൂന്നാം സഞ്ചിക. ഡോ.സി. കെ. കരീം. ചരിത്രം പബ്ലിക്കേഷൻസ്, ഇടപ്പള്ളി. ഒന്നാം പതിപ്പ്. ഒക്ടോബർ 1991, താൾ 575.

(15) വക്കം മൗലവിയുടെ അൽ ഇസ്‌ലാം മാസിക, പു.1, ലക്കം 3.

(16) മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കെ.കെ.മുഹമ്മദ് അബ്ദുൽ കരീം, സി.എൻ.അഹ്മദ് മൗലവി. അൽഹുദാ ബുക്സ്റ്റാൾ, കോഴിക്കോട്. ഒന്നാം പതിപ്പ് 1978.

(17) വഴി.

(18) ഇസ്‌ലാമിക ജീവിതം.

(19) മുസ്‌ലിം പള്ളികളിൽ ദിനേന അഞ്ച് നേരം യഥാസമയത്ത് നടക്കുന്ന സംഘ നമസ്കാരം.

(20) കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനം 3, ഹമദാനി തങ്ങൾ, ഇ.കെ. മൗലവി, അൽമുർശിദ് മലയാള മാസിക, 1966 സെപ്റ്റംബർ, താൾ 6.

(21) തെക്കു കിഴക്കൻ യൂറോപ്പിൽ മധ്യധരണ്യാഴിയിലേക്ക് തള്ളിനിൽക്കുന്ന ഉപദ്വീപാണ് ബാൾക്കൻ. ബാൾക്കൻ പർവതത്തിൽ നിന്നാണ് ഉപദ്വീപിന് ഈ പേര് ലഭിച്ചത്. അൽബേനിയ, ബോസ്നിയ, ഹെർസഗോവിന, ബൾഗേറിയ, ക്രൊയേഷ്യ, മൊണ്ടിനെഗ്രോ, ഗ്രീസ്, മാസിഡോണിയ, സെർബിയ, കൊസോവൊ എന്നിവയാണ് ബാൾക്കൻ രാജ്യങ്ങൾ. തുർക്കിയുടെ ത്രേസ് ഭാഗവും ബാൾക്കനിലാണ്. റൊമാനിയ, സ്ലൊവീനിയ എന്നീ രാഷ്ട്രങ്ങളെയും ബാൾക്കനിൽ ഉൾപ്പെടുത്തി കാണാറുണ്ട്. 5.5 ലക്ഷം ച.കി.മീ ആണ് ഈ മേഖലയുടെ വിസ്തൃതി. ആറു കോടിയോളം ജനങ്ങൾ ഇവിടെ അധിവസിക്കുന്നു.



# ചാവേറാക്രമണം: ഇസ്‌ലാമിന് പറയാനുള്ളത്

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം

ചാവേറാക്രമണങ്ങൾ ഇന്ന് വർധിച്ചുകൊണ്ടിരിക്കുകയാണ്. ചാവേറുകൾ പലരാജ്യങ്ങളിലും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടാക്കുന്നത്. ഇസ്‌ലാമിക രാജ്യങ്ങളിൽ വരെ ചാവേറാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം പള്ളികൾ പോലും ഇന്നതിൽ നിന്നൊഴിവല്ല. മദീനാ ഹറമിനടുത്തു വരെ ചാവേറാക്രമണം നടന്നത് ഈയടുത്ത കാലത്താണ്. മുസ്‌ലിം പേരുള്ളവരും അല്ലാത്തവരും ഇത്തരം ആക്രമണങ്ങളിൽ പങ്കാളിയാകുന്നുണ്ട്. അതേസമയം ഒരു ചാവേറിന്റെ പേര് അറബിയാണെങ്കിൽ അവന്റെ ചെയ്തികളെ ഇസ്‌ലാമിന്റെ തലയിൽ വച്ചുകെട്ടുവാനും മൊത്തം മുസ്‌ലിംകളെ പ്രതിക്കൂട്ടിൽ നിർത്തുവാനും പലപ്പോഴും പല ഭാഗത്തുനിന്നും ശ്രമങ്ങൾ നടന്നുവരാറുണ്ട്. അമേരിക്കയിലും ബ്രിട്ടനിലുമൊക്കെ നടന്നിട്ടുള്ള പല ചാവേറാക്രമണങ്ങളും നടത്തിയത് മുസ്‌ലിം പേരുള്ളവർ ആയിരുന്നില്ല എങ്കിലും അതിനെ ക്രിസ്ത്യൻ മതത്തിലേക്കോ ജൂതമതത്തിലേക്കോ ചേർത്ത് പറയാൻ മാധ്യമങ്ങൾ തുനിഞ്ഞിട്ടില്ല. മുസ്‌ലിം പേരുള്ളവർ എന്ത് നെറികേടുകൾ കാണിച്ചാലും ഇസ്‌ലാം അതിനു പഴികേൾക്കേണ്ടി വരുന്ന അവസ്ഥ അത്ര ശുഭകരമല്ല.

ചാവേറാക്രമണത്തിന്റെ ചരിത്രം പരിശോധിച്ചാൽ മുസ്‌ലിംകളല്ല ഈയൊരു ആത്മഹത്യാ രീതി കണ്ടുപിടിച്ചത് എന്ന് കാണാനാവും. ക്രിസ്ത്യൻ പേരുള്ളവരാണ് ഇതിന്റെ തുടക്കക്കാർ. ശേഷം എല്ലാ മതവിഭാഗത്തിൽ പെട്ട ആളുകളും ചാവേറുകളായി രംഗത്തുവന്നിട്ടുണ്ട്. എന്നാൽ ചാവേറുകൾ മുസ്‌ലിം നാമധാരികൾ ചാവേറുകളാകുമ്പോൾ മാത്രമാണ് മാധ്യമങ്ങൾക്ക് ചാവേറുകളുടെ മതം പരിശോധിക്കുന്ന രീതിയുള്ളത്!

ചാവേറാക്രമണം എന്ന രീതി നൂറു ശതമാനവും തെറ്റാണ് എന്ന് മാത്രമല്ല നരകാവകാശിയായിത്തീരുന്ന വൻപാപമായിട്ടാണ് ഇസ്‌ലാം അതിനെ പഠിപ്പിക്കുന്നത്. ഇസ്‌ലാമിനെ കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കിയിട്ടില്ലാത്തവരോ തെറ്റായ രീതിയിൽ ബോധനം നൽകപ്പെട്ടവരോ മാത്രം ആയിരിക്കും ഇത്തരം ക്രൂരതകളുടെ പിന്നിൽ പ്രവർത്തിക്കുന്നത്. ചാവേറാക്രമണം എന്തുകൊണ്ട് ഇസ്‌ലാമികമല്ല എന്നതിന്റെ തെളിവുകൾ നമുക്ക് പരിശോധിക്കാം.

ഒരു മനുഷ്യൻ സ്വന്തത്തെയോ മറ്റുള്ളവരെയോ വധിക്കാൻ പാടില്ല എന്നത് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്ന കണിശമായ താക്കീതാണ്. വധിക്കുന്നത് പോയിട്ട് ദേഹോപദ്രവം പോലും വരുത്താൻ പാടില്ല. അല്ലാഹു പറയുന്നു:

"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (ക്വുർആൻ 4:29).

സ്വന്തം ശരീരത്തെ അല്ലാഹുവിന്റെ വരദാനമായി മനസ്സിലാക്കുകയും അതിനെ പൂർണമായ അർഥത്തിൽ സംരക്ഷിക്കുകയുമാണ് ഒരു യഥാർഥ വിശ്വാസി ചെയ്യേണ്ടത്. ശരീരത്തിന് ഹാനികരമാകുന്ന ഒരു പ്രവർത്തനവും വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്. അതുകൊണ്ടാണ് മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിപദാർഥങ്ങൾ, ശരീരത്തിന് ദോഷകരമാകുന്ന വിഷാംശങ്ങൾ... മുതലായവയൊന്നും ഒരു വിശ്വാസിക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് മതം പഠിപ്പിച്ചിട്ടുള്ളത്. സ്വന്തം ശരീരത്തിന്റെ വിഷയത്തിൽ തികഞ്ഞ ജാഗ്രത കൈക്കൊള്ളുന്നവനായിരിക്കും വിശ്വാസി. എങ്കിൽ ഒരു യഥാർഥ വിശ്വാസിക്ക് എങ്ങനെയാണ് സ്വന്തം ശരീരത്തെ തന്നെ കുരുതി കൊടുക്കാൻ കഴിയുക? എങ്ങനെയാണത് വിശ്വാസപരമായി ശരിയാവുക? അനിവാര്യമായ ഘട്ടത്തിൽ നടത്തുന്ന യുദ്ധവേളയിൽ പോലും സ്വന്തം ശരീരത്തെ സംരക്ഷിക്കുവാനാവശ്യമായ ഒരുക്കവും ജാഗ്രതയും പാലിക്കണമെന്നാണ് ഇസ്‌ലാം നിർദേശിക്കുന്നത്. അത്കൊണ്ടുതന്നെ പടയങ്കി, പടച്ചട്ട എന്നിവ (ലഭ്യമാണെങ്കിൽ) സ്വീകരിച്ചുകൊണ്ടേ യുദ്ധത്തിനു പോകാൻ പാടുള്ളൂ. ചാവേറായി മരിക്കൽ ആണ് യുദ്ധം കൊണ്ടുള്ള ലക്ഷ്യമെങ്കിൽ ബദ്റിലേക്ക് പോയ ആരും തിരിച്ചു വരികയില്ലായിരുന്നു.

സ്വന്തം ശരീരത്തെ കുരുതികൊടുക്കുന്ന പ്രവർത്തനമാണ് അഥവാ ആത്മഹത്യയാണ് യഥാർഥത്തിൽ ചാവേറാക്രമണം. ആത്മഹത്യ തിന്മയാണ് എന്ന കാര്യത്തിൽ സംശയമില്ല. ആത്മഹത്യ ചെയ്തവർക്കുള്ള ശിക്ഷ പ്രവാചകൻﷺ പഠിപ്പിച്ചത് ഇപ്രകാരമാണ്:


"ആരെങ്കിലും ഒരു കത്തികൊണ്ട് തന്റെ ശരീരത്തെ ഹനിച്ചാൽ അവൻ നരകത്തിൽ ആ കത്തി പിടിച്ചുകൊണ്ട് തന്റെ വയറ്റിൽ കുത്തിക്കൊണ്ടിരിക്കും. ഈ അവസ്ഥയിൽ അവൻ നരകത്തിൽ ശാശ്വതമായിരിക്കും" (സ്വഹീഹുൽ ബുഖാരി: 5442).

"ആരെങ്കിലും സ്വന്തം ശരീരത്തെ എന്തുകൊണ്ടെങ്കിലും ഹനിച്ചാൽ അവൻ നരകത്തിൽ അതുകൊണ്ടുതന്നെ ശിക്ഷിക്കപ്പെടുന്നതാണ്" (സ്വഹീഹ് മുസ്‌ലിം: 110).



**സ്വന്തം ശരീരത്തെ അല്ലാഹുവിന്റെ വരദാനമായി മനസ്സിലാക്കുകയും അതിനെ പൂർണമായ അർഥത്തിൽ സംരക്ഷിക്കുകയുമാണ് ഒരു യഥാർഥ വിശ്വാസി ചെയ്യേണ്ടത്. ശരീരത്തിന് ഹാനികരമാകുന്ന ഒരു പ്രവർത്തനവും വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്. അതുകൊണ്ടാണ് മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിപദാർഥങ്ങൾ, ശരീരത്തിന് ദോഷകരമാകുന്ന വിഷാംശങ്ങൾ... മുതലായവയൊന്നും ഒരു വിശ്വാസിക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് മതം പഠിപ്പിച്ചിട്ടുള്ളത്. സ്വന്തം ശരീരത്തിന്റെ വിഷയത്തിൽ തികഞ്ഞ ജാഗ്രത കൈക്കൊള്ളുന്നവനായിരിക്കും വിശ്വാസി. എങ്കിൽ ഒരു യഥാർഥ വിശ്വാസിക്ക് എങ്ങനെയാണ് സ്വന്തം ശരീരത്തെ തന്നെ കുരുതി കൊടുക്കാൻ കഴിയുക?**

**ഒരു ചാവേറിന്റെ പേര് അറബിയാണെങ്കിൽ അവന്റെ ചെയ്തികളെ ഇസ്‌ലാമിന്റെ തലയിൽ വച്ചുകെട്ടുവാനും മൊത്തം മുസ്‌ലിംകളെ പ്രതിക്കൂട്ടിൽ നിർത്തുവാനും പലപ്പോഴും പല ഭാഗത്തുനിന്നും ശ്രമങ്ങൾ നടന്നുവരാറുണ്ട്. അമേരിക്കയിലും ബ്രിട്ടനിലുമൊക്കെ നടന്നിട്ടുള്ള പല ചാവേറാക്രമണങ്ങളും നടത്തിയത് മുസ്‌ലിം പേരുള്ളവർ ആയിരുന്നില്ല എങ്കിലും അതിനെ ക്രിസ്ത്യൻ മതത്തിലേക്കോ ജൂതമതത്തിലേക്കോ ചേർത്ത് പറയാൻ മാധ്യമങ്ങൾ തുനിഞ്ഞിട്ടില്ല. മുസ്‌ലിം പേരുള്ളവർ എന്ത് നെറികേടുകൾ കാണിച്ചാലും ഇസ്‌ലാം അതിനു പഴികേൾക്കേണ്ടി വരുന്ന അവസ്ഥ അത്ര ശുഭകരമല്ല.**



അപ്പോൾ വിഷം കഴിച്ച് മരിച്ചവനും ആയുധമുപയോഗിച്ച് ആത്മഹത്യ ചെയ്തവനും കത്തികൊണ്ട് മുറിവുണ്ടാക്കി മരിച്ചവനും നരകാവകാശിയാണെന്നതു പോലെ ചാവേറായി മരിച്ചവനും നരകാവകാശിയായിരിക്കും. ചാവേർ നിരപരാധികളെ കൂടി കൊന്നൊടുക്കുന്നു എന്നതിനാൽ അയാളുടെ തെറ്റിന്റെ വ്യാപ്തി വർധിക്കുകയാണ് ചെയ്യുന്നത്. അത്തരക്കാർ സ്വർഗീയ സുഖജീവിതമല്ല, നരകത്തിലെ കഠിന ശിക്ഷയാണ് അനുഭവിക്കുക.

പ്രവാചകന്റെ കാലഘട്ടത്തിൽ നടന്ന ഒരു യുദ്ധത്തിൽ നല്ല രീതിയിൽ യുദ്ധം ചെയ്തുകൊണ്ടിരുന്ന ഒരു മനുഷ്യനെ നോക്കി പ്രവാചകാനുചരന്മാരിൽ ചിലർ നല്ല വാക്കുകൾ പറഞ്ഞപ്പോൾ, അയാൾ നരകാവകാശിയാണ് എന്ന് പ്രവാചകൻ പ്രതിവചിച്ചു. ഇതു കേട്ട് അത്ഭുതം കൂറിയ അനുചരന്മാർക്ക് പിന്നീട് കാണാൻ കഴിഞ്ഞത് ആ യുദ്ധത്തിൽ സംഭവിച്ച പരിക്കുമൂലം വേദന സഹിക്കാനാവാതെ വാൾ നിവർത്തിവച്ച് അതിലേക്ക് കമഴ്ന്ന് വീണ് അയാൾ ആത്മഹത്യ ചെയ്യുന്നതാണ്.(ബുഖാരി 6606).

അയാളെ നരകാവകാശിയായാണ് പ്രവാചകൻﷺ പരിചയപ്പെടുത്തിയത് എന്നിരിക്കെ ചാവേറുകൾ ഏതു സ്വർഗം കൊതിച്ചുകൊണ്ടാണ് മരണം വരിക്കുന്നത്? ഏതു ഹൂറികളെ ആണ് സ്വർഗത്തിൽ അവർ പ്രതീക്ഷിക്കുന്നത്? ഏതു സ്വർഗത്തിലെ പരിമളമാണ് അവർക്ക് ലഭിക്കുക? ആത്മഹത്യ ചെയ്തവർക്കു വേണ്ടി പ്രവാചകൻﷺ മയ്യിത്തുനമസ്‌കാരം പോലും നിർവഹിക്കാറുണ്ടായിരുന്നില്ല എന്നത് ആ തെറ്റിന്റെ ഗൗരവം സൂചിപ്പിക്കുന്നു.

സ്വർഗം കൊതിപ്പിച്ചും സ്വർഗീയ അനുഭവങ്ങളെക്കുറിച്ച് പ്രതീക്ഷ നൽകിയും ചെറുപ്പക്കാരെ ഇത്തരത്തിലുള്ള ആത്മഹത്യരീതിയിലേക്ക് തള്ളിവിടുന്നവരും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ശത്രുക്കളാണ് എന്നതിൽ സംശയമില്ല.

അസ്ഹാബുൽ ഉഖ്ദൂദിന്റെ സംഭവത്തിലെ കുഞ്ഞിന്റെ ചരിത്രം ഇത്തരക്കാർ പലപ്പോഴും വളച്ചൊടിച്ച് അവതരിപ്പിക്കാറുണ്ട്. യഥാർഥത്തിൽ ആ കുട്ടി ആത്മഹത്യ ചെയ്തതല്ല; ഭരണാധികാരികൾ ആ കുഞ്ഞിനെ വധിച്ചു കളഞ്ഞതാണ് എന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും.

അൽബറാഅ് ഇബ്നു മാലിക്‌ യമാമ യുദ്ധത്തിൽ, എന്നെ ശത്രുക്കളുടെ കോട്ടക്കുള്ളിലേക്ക് നിങ്ങൾ എറിയണം എന്നു പറഞ്ഞതും ഈ വിഷയത്തിൽ തെളിവല്ല. കാരണം അദ്ദേഹം കോട്ടക്കുള്ളിൽ കയറി ശത്രുക്കളുടെ വെട്ടുകൾ ഏൽക്കുകയുണ്ടായെങ്കിലും അദ്ദേഹം കോട്ടയുടെ വാതിൽ തുറന്ന് മുസ്‌ലിം സൈന്യത്തിന് ഉള്ളിലേക്ക് കയറാൻ അവസരം ഒരുക്കിക്കൊടുത്തു. അല്ലാതെ അദ്ദേഹം ആത്മഹത്യ ചെയ്യാൻ കോട്ടയിലേക്ക് ചാടിയതല്ല.

തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ചാവേർ ആകുന്നവർ ബറാഅ് ഇബ്നു മാലികിനെ ഉദ്ധരിക്കുന്നത് കടുത്ത അനീതിയാണ് എന്നു വ്യക്തം. പ്രവാചകൻﷺക്ക് കുറെ യുദ്ധങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. എമ്പാടും ശത്രുക്കളും പ്രവാചകന് ഉണ്ടായിട്ടുണ്ട്. ലക്ഷക്കണക്കിന് അനുചന്മാരും പ്രവാചകന്റെ അടുക്കൽ ഉണ്ടായിരുന്നു. ഒരു അനുചരനെ (സ്വഹാബിയെ) പോലും ചാവേറായി പ്രവാചകൻﷺ പറഞ്ഞയച്ചതിന് യാതൊരു രേഖയും പ്രമാണങ്ങളിൽ കാണുക സാധ്യമല്ല.

അതുകൊണ്ടുതന്നെയാണ് ഈയൊരു വിഷയം ലോകത്ത് സംഭവിച്ചപ്പോൾ ഇസ്‌ലാമിക പണ്ഡിതന്മാർ അതിനെതിരെ ശക്തമായ മുന്നറിയിപ്പുകളുമായി രംഗത്തുവന്നിട്ടുള്ളത്.

ശൈഖ് ഇബ്നുബാസ്, ശൈഖ് അൽബാനി, ശൈ

ഖ് ഉഥൈമീൻ എന്നിവരെ പോലുള്ള ആധുനികകാല പണ്ഡിതശ്രേഷ്ഠർ ഈ വിഷയത്തിൽ ഒരേ ഫത്വയാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള ആത്മഹത്യ സ്കോഡുകളും ചാവേർ ആക്രമണങ്ങളും അനിസ്ലാമികവും വൻപാപവുമാണ് എന്നാണ് അവരെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത്. നാം നേരത്തെ കണ്ട ക്വുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും തന്നെയാണ് അവർ ഈ വിഷയത്തിൽ തെളിവായി ഉദ്ധരിക്കുന്നത്.

ഇബ്നു ഉഥൈമീൻ(റഹ്) പറയുന്ന വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: "ഇസ്ലാമിലെ ജിഹാദ് എന്ന് പറഞ്ഞാൽ അത് മുസ്ലിംകൾക്കും ഇസ്ലാമിനും സംരക്ഷണത്തിന് വേണ്ടി ഉള്ളതാണ്. എന്നാൽ ഇവർ ഇസ്ലാമിനും മുസ്ലിംകൾക്കും മുറിവുകൾ ഏൽപിക്കുകയാണ് ചെയ്യുന്നത്. ഏതെങ്കിലും ഒരാളുടെ ആത്മഹത്യകൊണ്ട് ഒരുപാട് മുസ്ലിംകൾക്ക് ദോഷം ഉണ്ടാകുന്നുണ്ട്. ശത്രുക്കൾക്കുണ്ടാവുന്നതിനെക്കാൾ എത്രയോ നഷ്ടം അതിലൂടെ മുസ്ലിംകൾക്ക് ഉണ്ടാവുകയും ചെയ്യുന്നു. ഫലസ്തീനിലും മറ്റും നാം എത്രയോ ഇത് കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഇത് അനുവദനീയമാണ് എന്ന് പറയുന്നവർക്ക് യാതൊരു അടിസ്ഥാനവുമില്ല. ഇതുകൊണ്ട് ഉണ്ടാകുന്ന വിപത്തുകൾ വിവരണാതീതമാണ്" (മജ്മഉ ഫതാവാ വ റസാഇൽ 25/358).




**ഏതു വിഷയത്തിലുമെന്നപോലെ ചാവേർ വിഷയത്തിലും സലഫീ പണ്ഡിതന്മാരുടെ ഫത്വകളും കൃതികളും തന്നെയാണ് ലോകത്തിന് ശരിയായ കാഴ്ചപ്പാട് നൽകിയിട്ടുള്ളത്. ഇവ്വിഷയകമായി സലഫീ പണ്ഡിതന്മാരുടെ ഫത്വകൾ ക്രോഡീകരിച്ച് ഇറക്കിയ കൃതിയാണ് 'ഫതാവൽ അഇമ്മഃ ഫിന്നവാസിലിൽ മുദ്ലഹിമ.' ഗൾഫ് മേഖലയിൽ ഈ കൃതി വ്യാപകമായ തോതിൽ സൗജന്യമായി വിതരണം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഇഖ്വാനുൽ മുസ്ലിമൂന്റെ തലപ്പത്തുള്ള ചിലർ ഈ വിഷയത്തിൽ നൽകിയ തത്ത്വദീക്ഷയില്ലാത്ത ഫത്വകൾ കൊണ്ട് മുസ്ലിംകൾക്ക് പറ്റിയ പരിക്ക് ചെറുതല്ല. പ്രമാണങ്ങൾ പരിശോധിക്കുന്ന ആർക്കും ഇത്തരം വാദങ്ങളുടെ നിരർഥകത ബോധ്യപ്പെടും.**

ഏതു വിഷയത്തിലുമെന്നപോലെ ഈ വിഷയത്തിലും സലഫീ പണ്ഡിതന്മാരുടെ ഫത്വകളും കൃതികളും തന്നെയാണ് ഈ വിഷയത്തിലും ലോകത്തിന് ശരിയായ കാഴ്ചപ്പാട് നൽകിയിട്ടുള്ളത്.

ഇവ്വിഷയകമായി സലഫീ പണ്ഡിതന്മാരുടെ ഫത്വകൾ ക്രോഡീകരിച്ച് ഇറക്കിയ കൃതിയാണ് 'ഫതാവൽ അഇമ്മഃ ഫിന്നവാസിലിൽ മുദ്ലഹിമ.' ഗൾഫ് മേഖലയിൽ ഈ കൃതി വ്യാപകമായ തോതിൽ സൗജന്യമായി വിതരണം ചെയ്യപ്പെട്ടിരുന്നു.

എന്നാൽ ഇഖ്വാനുൽ മുസ്ലിമൂന്റെ തലപ്പത്തുള്ള ചിലർ ഈ വിഷയത്തിൽ നൽകിയ തത്ത്വദീക്ഷയില്ലാത്ത ഫത്വകൾ കൊണ്ട് മുസ്ലിംകൾക്ക് പറ്റിയ പരിക്ക് ചെറുതല്ല. പ്രമാണങ്ങൾ പരിശോധിക്കുന്ന ആർക്കും ഇത്തരം വാദങ്ങളുടെ നിരർഥകത ബോധ്യപ്പെടും.

ചുരുക്കത്തിൽ, ചാവേറാക്രമണം ആരു ചെയ്താലും അത് മതപരമായും സാമൂഹികമായും വലിയ തിന്മ തന്നെയാണ്. ഇസ്ലാമികമായി ഈ പ്രവർത്തനത്തെ ന്യായീകരിക്കാവുന്ന ഒരു തെളിവും ഇസ്ലാമിക അധ്യാപനങ്ങളിൽ കാണുവാൻ സാധ്യമല്ല. എന്നിരിക്കെ എവിടെയെങ്കിലും ആരെങ്കിലും ചാവേറായി പൊട്ടിത്തെറിക്കുമ്പോൾ അതിനെ ഇസ്ലാമിലേക്ക് വലിച്ചുകെട്ടാനുള്ള പ്രവണത തീർത്തും അന്യായമാണ്, അക്രമമാണ്. വികാരമല്ല വിവേകമാണ് മനുഷ്യനെ നയിക്കേണ്ടത് എന്ന തത്ത്വമാണ് ഇസ്ലാമിന്റെ അടിത്തറ. ചാവേറുകളുടെ പേരിൽ മുസ്ലിംകളെ അധിക്ഷേപിക്കുന്നവർ കാര്യം മനസ്സിലാക്കുക. മനസ്സിലാക്കിയിട്ടും ആക്ഷേപിക്കുന്നത് തീർത്തും അന്യായം തന്നെ!

ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



# ഇൽയാസ് നബി عليه السلام

**ക്വുർആൻ ഹൃസ്വമായി പരിചയപ്പെടുത്തിയ നബിമാർ**

പ്രവാചകന്മാരുടെ ചരിത്രത്തിൽ വളരെ ചെറിയ രൂപത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള ചരിത്രമാണ് ഇൽയാസ് നബി(عليه السلام)യുടെത്. ഇൽയാസ്(عليه السلام) റസൂലുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്ന നബിയാണ്. ബനൂ ഇസ്‌റാഈല്യരിലേക്കാണ് ഇൽയാസ്(عليه السلام) അയക്കപ്പെട്ടത്. ദിമശ്ഖിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ബഅ്‌ലബക് എന്ന ദേശത്തേക്കാണ് അദ്ദേഹം അയക്കപ്പെട്ടത്. ബൈബിളിൽ ഏലിയാ എന്ന പേരിലാണ് ഇൽയാസ്(عليه السلام)നെ പരചയപ്പെടുത്തുന്നത്. ക്വുർആനിൽ സൂറത്തുസ്സ്വാഫ്ഫാത്തിലാണ് അദ്ദേഹത്തെ പറ്റി പരാമർശിച്ചിട്ടുള്ളത്. ആ ഭാഗം കാണുക:

"ഇൽയാസും ദൂതൻമാരിലൊരാൾ തന്നെ. അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നിങ്ങൾ ബഅ്‌ലിനെ വിളിച്ച് പ്രാർഥിക്കുകയും ഏറ്റവും നല്ല സൃഷ്ടികർത്താവിനെ വിട്ടുകളയുകയുമാണോ? അഥവാ നിങ്ങളുടെയും നിങ്ങളുടെ പൂർവപിതാക്കളുടെയും രക്ഷിതാവായ അല്ലാഹുവെ. അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുകളഞ്ഞു. അതിനാൽ അവർ (ശിക്ഷയ്ക്ക്) ഹാജരാക്കപ്പെടുക തന്നെ ചെയ്യും. അല്ലാഹുവിന്റെ നിഷ്‌കളങ്കരായ ദാസൻമാർ ഒഴികെ. പിൽക്കാ

ലക്കാരിൽ അദ്ദേഹത്തിന്റെ സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു. ഇൽയാസിന് സമാധാനം! തീർച്ചയായും അപ്രകാരമാകുന്നു സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 37:123-132).

ഇൽയാസ് നബിﷺയുടെ നാട്ടുകാർ 'ബഅ്ൽ' എന്ന് പേരുള്ള വിഗ്രഹത്തെയായിരുന്നു ആരാധിച്ചിരുന്നത്. സ്രഷ്ടാവിന് മാത്രം അർപ്പിക്കേണ്ടുന്ന പ്രാർഥനയും നേർച്ചയുമടക്കമുള്ള എല്ലാവിധ ആരാധനകളും ഈ ബഅ്ൽ എന്ന വിഗ്രഹത്തിനായിരുന്നു അവർ അർപ്പിച്ചിരുന്നത്. അതിനാലാണ് ആ നാട് 'ബഅ്ലബക്' എന്ന പേരിൽ അറിയപ്പെട്ടത്.

ബഹുദൈവ വിശ്വാസികളായ തന്റെ ജനതയെ അദ്ദേഹം തൗഹീദിലേക്ക് ക്ഷണിച്ചു. അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ഇബാദത്തുകൾ അവന് മാത്രം അർപ്പിക്കുവാൻ കൽപിച്ചു. നിങ്ങൾ സൂക്ഷ്മതയുള്ളവരാകണം എന്ന് അവരെ ഉപദേശിച്ചു.

തൗഹീദ് ശരിയാകാത്തവർ എത്ര സൂക്ഷ്മത കാണിച്ച് ജീവിച്ചാലും അവർക്ക് യഥാർഥ 'തക്‌വ' ഉണ്ടെന്ന് പറയാൻ കഴിയില്ല. തക്‌വയുള്ളവർക്ക് ശിർക്കിൽ നിലകൊള്ളാൻ കഴിയില്ല. അഥവാ അല്ലാഹുവിന് പുറമെ ഏതെങ്കിലും പടപ്പുകളെ ആരാധിക്കാൻ കഴിയില്ല. അതിനാലാണ് ഇൽയാസ്ﷺ തന്റെ ജനതയോട് നിങ്ങൾ സൂക്ഷ്മത കാണിക്കുന്നില്ലേ എന്ന് ചോദിച്ചതിന് ശേഷം അവരുടെ ശിർക്കിനെ എടുത്ത് പറഞ്ഞിരിക്കുന്നത്.

അല്ലാഹുവിന് പുറമെ പ്രാർഥിക്കപ്പെടുന്നവർക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത ഒന്നാണ് മുഴുവൻ സൃഷ്ടികളുടെയും റബ്ബ് അഥവാ രക്ഷിതാവ് എന്നത്. ഉറക്കം, മയക്കം, തളർച്ച, വേദന, ദുഃഖം, വിശപ്പ്, ദാഹം, രോഗം, മരണം... ഇങ്ങനെ ഒട്ടനേകം ന്യൂനതകൾ ഉള്ളവരാണ് അല്ലാഹുവിന് പുറമെ പ്രാർഥിക്കപ്പെടുന്നവർ.

റബ്ബിനെ പറ്റിയുള്ള ചിന്ത ജനങ്ങളുടെ മനസ്സിലേക്ക് ഇട്ടുകൊടുത്തു കൊണ്ട്, അവനെയാണ് നിങ്ങൾ ആരാധിക്കേണ്ടത്, 'ബഅ്ൽ' എന്ന നിങ്ങളുടെ ഈ ആരാധ്യ വസ്തു അതിന് അർഹനല്ല എന്ന് ഇൽയാസ്ﷺ വ്യക്തമാക്കുകയാണ്.

നാട്ടിലെ രാജാക്കന്മാർ ബഅ്ലിനെ പൂജിക്കുന്നതിനായി വലിയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തിരുന്നു എന്നാണ് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

ഇൽയാസ്നബിﷺയുടെ ഉപദേശം അവർ സ്വീകരിച്ചില്ല. അവർ അദ്ദേഹത്തെ കളവാക്കി. അദ്ദേഹത്തോട് അവർ എതിര് കാണിക്കുകയും ചെയ്തു. അദ്ദേഹത്തെ കൊന്നുകളയുന്നതിന് പല പദ്ധതികളും അവർ ആലോചിച്ചു. എന്നാൽ അദ്ദേഹം അവരിൽ നിന്ന് ഓടി രക്ഷപ്പെടുകയാണ് ഉണ്ടായത്.

പ്രവാചകന്മാരെ കളവാക്കിയ എല്ലാ സമൂഹങ്ങളെയും പോലെ ഇൽയാസ് നബിﷺയുടെ ജനതയും നരകത്തിന്റെ ആളുകളാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

ഇൽയാസ് നബിﷺയെ ലോകാവസാനം വരെയുള്ള മുസ്‌ലിംകൾ വളരെ ബഹുമാനത്തോടെ ഓർക്കുന്ന വിധത്തിൽ അദ്ദേഹത്തിന്റെ സൽകീർത്തി അല്ലാഹു ഇവടെ നിലനിർത്തി. അത് അദ്ദേഹത്തിന് അല്ലാഹു കൊടുത്ത വലിയ ഒരു അനുഗ്രഹമാണ്.

ഇൽയാസ് നബിﷺയെ പറ്റി പലരും പല അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കുന്നുണ്ട്. ഇമാം ഇബ്നു കഥീർ തന്റെ 'ക്വസ്വസ്വുൽ അമ്പിയാഅ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഇൽയാസ് നബിﷺയും ക്വദ്വിർﷺയും എല്ലാ വർഷവും റമദാനിൽ ബൈതുൽ മക്ദിസിൽ വെച്ച് സന്ധിക്കാറുണ്ടെന്നും എല്ലാ വർഷവും ഇരുവരും ഹജ്ജ് ചെയ്യാറുണ്ടെന്നും ഇരുവരും വരുംവർഷത്തേക്ക് കൂടി പര്യാപ്തമാകും വിധം സംസം കുടിക്കാറുണ്ടെന്നുമുള്ള ചിലരുടെ സംസാരം നമുക്ക് വന്ന് കിട്ടിയിട്ടുണ്ട്. ഓരോ വർഷവും അവർ ഇരുവരും അറഫാത്തിൽ സംഗമിക്കാറുണ്ട് എന്ന് പറയുന്ന ഒരു ഹദീഥും അവർ നമുക്ക് ഉദ്ധരിച്ചു തന്നിട്ടുണ്ട്. അവയിൽ യാതൊന്നും സ്വഹീഹായത് ഇല്ലെന്നും ക്വദ്വിറുംﷺ ഇൽയാസുംﷺ മരണപ്പെട്ടിരിക്കുന്നു എന്നതിലാണ് തെളിവ് നിൽക്കുന്നത് എന്ന് നാം അവർക്ക് വ്യക്തമാക്കി കൊടുത്തിട്ടുമുണ്ട്...

**തൗഹീദ് ശരിയാകാത്തവർ എത്ര സൂക്ഷ്മത കാണിച്ച് ജീവിച്ചാലും അവർക്ക് യഥാർഥ 'തക്‌വ' ഉണ്ടെന്ന് പറയാൻ കഴിയില്ല. തക്‌വയുള്ളവർക്ക് ശിർക്കിൽ നിലകൊള്ളാൻ കഴിയില്ല. അഥവാ അല്ലാഹുവിന് പുറമെ ഏതെങ്കിലും പടപ്പുകളെ ആരാധിക്കാൻ കഴിയില്ല. അല്ലാഹുവിന് പുറമെ പ്രാർഥിക്കപ്പെടുന്നവർക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത ഒന്നാണ് മുഴുവൻ സൃഷ്ടികളുടെയും റബ്ബ് അഥവാ രക്ഷിതാവ് എന്നത്. ഉറക്കം, മയക്കം, തളർച്ച, വേദന, ദുഃഖം, വിശപ്പ്, ദാഹം, രോഗം, മരണം... ഇങ്ങനെ ഒട്ടനേകം ന്യൂനതകൾ ഉള്ളവരാണ് അല്ലാഹുവിന് പുറമെ പ്രാർഥിക്കപ്പെടുന്നവർ.**

**ഇൽയാസ് നബി(അ)യുടെ നാട്ടുകാർ 'ബഅ്ൽ' എന്ന് പേരുള്ള വിഗ്രഹത്തെയായിരുന്നു ആരാധിച്ചിരുന്നത്. സ്രഷ്ടാവിന് മാത്രം അർപ്പിക്കേണ്ടുന്ന പ്രാർഥനയും നേർച്ചയുമടക്കമുള്ള എല്ലാവിധ ആരാധനകളും ഈ ബഅ്ൽ എന്ന വിഗ്രഹത്തിനായിരുന്നു അവർ അർപ്പിച്ചിരുന്നത്. അതിനാലാണ് ആ നാട് 'ബഅ്ലബക്' എന്ന പേരിൽ അറിയപ്പെട്ടത്. ബഹുദൈവ വിശ്വാസികളായ തന്റെ ജനതയെ അദ്ദേഹം തൗഹീദിലേക്ക് ക്ഷണിച്ചു. അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ഇബാദത്തുകൾ അവന് മാത്രം അർപ്പിക്കുവാൻ കൽപിച്ചു. നിങ്ങൾ സൂക്ഷ്മതയുള്ളവരാകണം എന്ന് അവരെ ഉപദേശിച്ചു.**

(കുറെ കാര്യങ്ങൾ പറഞ്ഞതിന് ശേഷം അദ്ദേഹം വീണ്ടും പറയുന്നു) ഈ കാര്യങ്ങളെല്ലാം പരസ്പര വൈരുധ്യങ്ങളാണ്. അവയെല്ലാം നിരർഥകങ്ങളാകുന്നു. അവയിൽ യാതൊന്നും സ്വഹീഹായിട്ടില്ല.''

**ഇദ്‌രീസ് നബി(അ)**

ഇദ്‌രീസ് നബി(അ)യെ കുറിച്ച് ക്വുർആനിൽ രണ്ട് സ്ഥലങ്ങളിലാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്:

''വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹത്തെ നാം ഉന്നതമായ സ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്തിരിക്കുന്നു'' (ക്വുർആൻ 19:56,57).

ഇതിനെ സംബന്ധിച്ച് അല്ലാമ സഅദി(റ) ഇപ്രകാരം പറയുന്നു: ''ലോകരിൽ അദ്ദേഹത്തിന്റെ സ്മരണയെ അല്ലാഹു ഉയർത്തിയിരിക്കുന്നു. (അല്ലാഹുവിലേക്ക്) സാമീപ്യം ലഭിച്ചവർക്കിടയിലേക്ക് അദ്ദേഹത്തിന്റെ സ്ഥാനത്തെയും (അല്ലാഹു ഉയർത്തിയിരിക്കുന്നു). അങ്ങനെ (അദ്ദേഹത്തിന്റെ) സ്മരണയും സ്ഥാനവും ഉയർന്നതായിരിക്കുന്നു.''

ആദം നബി(അ)ക്ക് ശേഷം നുബുവ്വത്ത് (പ്രവാചകത്വം) ലഭിച്ച പ്രവാചകനാണ് ഇദ്‌രീസ്(അ) എന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഉണ്ട്. നൂഹ് നബി(അ)യുടെ കാലശേഷം ബനൂഇസ്‌റാഈല്യരിലേക്ക് അയക്കപ്പെട്ട നബിയാണ് അദ്ദേഹം എന്നാതണ് വേറൊരു അഭിപ്രായം. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

ആദ്യമായി പേനകൊണ്ട് എഴുതിയ വ്യക്തി, ആദ്യമായി വസ്ത്രം തുന്നിയ വ്യക്തി എന്നൊക്കെ ഇദ്‌രീസ് നബി(അ)യെക്കുറിച്ച് അഭിപ്രായപ്പെട്ടവരുണ്ട്.

ഇദ്‌രീസ് നബി(അ)യെ പറ്റിയുള്ള ക്വുർആനിലെ രണ്ടാമത്തെ പരാമർശം കാണുക:

''ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും (ഓർക്കുക). അവരെല്ലാം ക്ഷമാശീലരുടെ കൂട്ടത്തിലാകുന്നു. അവരെ നാം നമ്മുടെ കാരുണ്യത്തിൽ ഉൾപെടുത്തുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അവർ സദ്‌വൃത്തരുടെ കൂട്ടത്തിലാകുന്നു'' (ക്വുർആൻ 21:85,86).

ഇദ്‌രീസ്(അ) മരിച്ചിട്ടില്ലെന്നും ഈസാ(അ) ഉയർത്തപ്പെട്ടത് പോലെ അദ്ദേഹവും ഉയർത്തപ്പെട്ടിരിക്കുകയാണ് എന്ന് പറയുന്നവരുണ്ട്. എന്നാൽ അതിനൊന്നും വ്യക്തമായ യാതൊരു രേഖയുമില്ല. .

ഇദ്‌രീസ്(അ) ഉയർത്തപ്പെട്ടിരിക്കുന്നു എന്ന അഭിപ്രായങ്ങളെ പറ്റി വിവരിച്ചതിന് ശേഷം പണ്ഡിതന്മാർ പറയുന്നു: ''ഈ വിഷയത്തിൽ സ്വീകാര്യയോഗ്യമായ ഒരു റിപ്പോർട്ടും സ്ഥിരപ്പെട്ടിട്ടില്ല. അവയെല്ലാം ഇസ്‌റാഈലീ കഥകളാകുന്നു. ഫത്ഹുൽ ബാരിയിൽ പറയുന്നു: മർഫൂആയ ഒരു വഴിയിലൂടെയും ഇദ്‌രീസ്(അ) ജീവനോടെ ഉയർത്തപ്പെട്ടിരിക്കുന്നു എന്നത് സ്ഥിരപ്പെട്ടിട്ടില്ല.''

ഇദ്‌രീസ്(അ) നാലാം ആകാശത്ത് വെച്ചാണ് മരണപ്പെട്ടത് എന്നും ചിലരെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനെ പറ്റിയും പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് ഇതെല്ലാം ഇസ്‌റാഈലിയ്യാത്തുകളാകുന്നു എന്നാണ്.

മിഅ്‌റാജിൻെർ സമയത്ത് നാലാം ആകാശത്ത് വെച്ച് ഇദ്‌രീസ് നബി(അ)നെ മുഹമ്മദ് നബി(സ) കാണുകയുണ്ടായി. ഇത് ഇദ്‌രീസ്(അ) ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്നതിന് രേഖയല്ല. കാരണം, മിഅ്‌റാജിന്റെ സമയത്ത് നബി(സ) ഇദ്‌രീസ്(അ) അടക്കമുള്ള മറ്റു പല നബിമാരെയും കണ്ടിട്ടുണ്ട്. എങ്കിൽ അവരൊക്കെയും ഇന്ന് ജീവിച്ചിരിക്കുന്നവരാണ് എന്ന് പറയേണ്ടിവരും.

**അൽയസഅ്(അ), ദുൽകിഫ്‌ലി(അ)**

അൽയസഅ് നബി(അ)യെ പറ്റിയും ദുൽകിഫ്‌ലി നബി(അ)യെ പറ്റിയും വളരെ കുറച്ച് മാത്രമെ ക്വുർആൻ പരാമർശിച്ചിട്ടുള്ളൂ. അവരെ സംബന്ധിച്ച് ക്വുർആൻ പ്രതിപാദിക്കുന്നത് കാണുക:

''ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ് എന്നിവരെയും (നേർവഴിയിലാക്കി). അവരെല്ലാവരെയും നാം ലോകരിൽ വെച്ച് ശ്രേഷ്ഠരാക്കിയിരിക്കുന്നു'' (6:86).

"ഇസ്മാഈൽ, അൽയസഅ്, ദുൽകിഫ്ൽ എന്നിവരെയും ഓർക്കുക. അവരെല്ലാവരും ഉത്തമന്മാരിൽ പെട്ടവരാകുന്നു" (38:48).

"ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും (ഓർക്കുക). അവരെല്ലാം ക്ഷമാശീലരുടെ കൂട്ടത്തിലാകുന്നു.അവരെ നാം നമ്മുടെ കാരുണ്യത്തിൽ ഉൾപെടുത്തുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അവർ സദ്‌വൃത്തരുടെ കൂട്ടത്തിലാകുന്നു" (21:85,86).

ഇരുവരുടെയും ചരിത്രം വിശദമായി വന്നിട്ടില്ല. അവർ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരും ഉത്തമന്മാരും പ്രയാസങ്ങളിൽ ക്ഷമ അവലംബിക്കുന്നവരുമായിരുന്നു. അവർക്കെല്ലാവർക്കും സ്വർഗമുണ്ട് എന്നും അവരെ പറ്റി അല്ലാഹു അറിയിച്ചുതന്നിരിക്കുന്നു.

ഇബ്നു കഥീർ(റഹ്) പറയുന്നു: "ഹസൻ﵀ പറഞ്ഞു: 'ഇൽയാസ്﵇ന് ശേഷം അൽയസഅ്﵇ അല്ലാഹു ഉദ്ദേശിച്ച അത്ര കാലം ജീവിച്ചു. ഇൽയാസി﵇ന്റെ ശരീഅത്തിലായിക്കൊണ്ട് അല്ലാഹുവിലേക്ക് അൽയസഅ്﵇ ക്ഷണിച്ചു. അല്ലാഹു അദ്ദേഹത്തെ അവനിലേക്ക് കൊണ്ടുപോകുന്നത് വരെ (അത് തുടർന്നു). പിന്നീട് അവർക്ക് ശേഷം കുറെ ആളുകൾ വന്നു. പിന്നീട് പാപങ്ങളും സ്വേച്ഛാധിപത്യവും നബിമാരെ വധിക്കലുമെല്ലാം ഉണ്ടായി. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
കുട്ടികളിലെ അലർജി കഫക്കെട്ട്
അവതരണം: ഡോ. ജലീൽ കെ.കെ
ഡോ.സ്വാദിഖ് ബിൻ ഖാസിം
(പീസ് റേഡിയോ പ്രതിനിധി)
25.02.19 തിങ്കൾ 9:00 PM

**പ്രകാശതീരം**
അന്യരുമായി അകലം പാലിക്കുക
മുഹമ്മദ് സ്വാദിഖ് മദീനി
25.02.19 തിങ്കൾ 9:30 PM, 27.02.19 ബുധൻ 9:35 AM

**അന്നൂർ**
സൂറത്തുൽ ഫാത്തിഹ:
ഖുർആനിന്റെ സാരാംശം
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
25.02.19 തിങ്കൾ 10:00 PM, 26.02.19 ബുധൻ 10:00 PM

**നബി ചരിത്രം**
ഉഹ്ദിലെ മഹാരഥന്മാർ, അബ്ദുൽ ലത്തീഫ് സുല്ലമി
26.02.19 ചൊവ്വ 09:00 PM

**ഹൃദയ വസന്തം**
ഖുർആൻ നിഷേധം കഠിന ശിക്ഷയിലേക്ക്
(സൂറ: ഖഫ് 48-50), മുസ്തഫ മദനി
27.02.19 ബുധൻ 07:45 PM

**അന്നൂർ**
ഫാതിഹ: മറ്റു ചില നാമങ്ങൾ
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
27.02.19 ബുധൻ 10:00 PM

**സലഫി ദുറൂസ്**
നബിﷺയുടെ ശബ്ദം, ഭാഗം: 2
അബൂബക്കർ സലഫി
28.02.19 വ്യാഴം 09:30 PM, 02.03.19 ശനി 09:35 AM

**തജ്‌വീദ് പഠനം**
സൂറ: മുദ്ദഥിർ 32-56
ഹാഫിള് മുഹമ്മദ് അസ്‌ലം കുവൈത്ത്
01.03.19 വെള്ളി 07:45 AM

**അന്നൂർ**
സൂറ: ഫാതിഹ ആയത്തുകളുടെ എണ്ണം, ഭാഗം: 1
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
01.03.19 വെള്ളി 10:00 PM, 02.03.19 ശനി 10:00 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 25
ചോദ്യപദങ്ങൾ, പ്രയോഗങ്ങൾ
മറുപടികൾ, ഭാഗം: 6
ഹുസൈൻ പാലക്കോടൻ
03.03.19 ഞായർ 9:30 PM, 05.03.19 ചൊവ്വ 9:35 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കവിത

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# ഒഴുക്കിനെതിരെ...

പാരിന്ന് ഭാരമായ് തീരാതിരിക്കുക
പോരിന്നിറങ്ങുക തിന്മയ്ക്കെതിരിലായ്
ഭാരം വഹിക്കുവാനാവതുണ്ടാകുമ്പോൾ
കാര്യബോധത്താൽ കൺതുറന്നീടുക
ഒഴുക്കിനൊപ്പം നീന്തൽ സുഖമത്രെ
എതിരിലായ് നീന്തുന്നതേറെ പ്രയാസമാം
ഒഴുക്കിനൊപ്പം നീങ്ങുന്ന ചണ്ടിയായ്
മാറുന്ന ജന്മമായ് തീരാതിരിക്കുക
ആശവേണ്ടാരെങ്കിലും വന്നുണർത്തുവാൻ
ആലസ്യമൊക്കെയും മാറ്റിവെച്ചീടുക
ജാതി മതത്തിന്റെ, വർഗ വർണത്തിന്റെ
പേരിലുള്ളക്രമപ്പേക്കൂത്ത് കാണുമ്പോൾ...
കക്ഷി രാഷ്ട്രീയത്തിൽ മറപറ്റി മർത്യന്റെ
നെഞ്ചിൽ കഠാരകളാഴ്ത്തുന്ന കാണുമ്പോൾ...
പശുവിനെ കൊന്നെന്ന പേരിൽ മനുജനെ
പേപ്പട്ടി പോൽ തല്ലിക്കൊല്ലുന്ന കാണുമ്പോൾ...
മൗനവും പാലിച്ചിരിക്കുന്ന മൂഢരായ്
കാലം കഴിച്ചിടുന്നോരറിഞ്ഞീടണം
അപരന്റെ നെഞ്ചിൽ തുളക്കും കഠാരകൾ
നമ്മിലേക്കെത്തില്ലെന്നാരും നിനയ്ക്കല്ലെ
നീതിക്കു വേണ്ടി നിലകൊള്ളുക നമ്മൾ
നന്മയാൽ ജീവിതം സമ്പന്നമാക്കുക.







WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21
Nerpatham Weekly
Published on
02 March 2019
Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

